എക്സി. കമ്മിറ്റി അംഗങ്ങൾ	1. എസ്. ജ്യോതികുമാർ ശ്രീവിനായകം, മൂളയം, ആലിയാട് പി. ഒ. വെഞ്ഞാറമൂട്
	2. സജീവ് വ്യാസ ശ്രീമംഗലം, വേളാവൂർ
	3. ശ്രീകുമാർ ശ്രീഭവൻ, തണ്ടാംപൊയ്ക, വെഞ്ഞാറമൂട് പി. ഒ.
	4. ബിനു ബി. കെ. തടത്തരികത്ത് വീട്, പാലാംകോണം, വെഞ്ഞാറമൂട് പി. ഒ.
	5. സോണി റ്റി. നായർ രാജമന്ദിരം, വയ്യേറ്റ്, വെഞ്ഞാറമൂട് പി. ഒ.

2059946/2017/OS-CLAD

സംഘം രജിസ്ട്രാർ
തിരുവനന്തപുരം

സർ,

വിഷയം: ജീവകല കലാ സാംസ്കാരിക മണ്ഡലത്തിന്റെ 2015-16 വർഷത്തെ വരവ് ചെലവ് കണക്കുകളും ഭാരവാഹികളുടെ ലിസ്റ്റും സമർഷിക്കുന്നത് സംബന്ധിച്ച്;

സൂചന: 01-12-2016 ൽ കൂടിയ വാർഷിക പൊതുയോഗം അംഗീകരിച്ചത്.

ജീവകല കലാസാംസ്കാരിക മണ്ഡലത്തിന്റെ 01-12-2016 ൽ നടന്ന വാർഷിക പൊതുയോഗം അംഗീകരിച്ച 01-10-2015 മുതൽ 30-09-2016 വരെയുള്ള വരവ് ചെലവ് കണക്കുകളും ഭാരവാഹികളുടെ ലിസ്റ്റും മേൽ നടപടികൾക്കായി ഇതോടൊപ്പം ഹാജരാക്കുന്നു.

വിശ്വസ്തതയോടെ,

വി. എസ്. ബിജുകുമാർ
സെക്രട്ടറി

JEEVAKALA KALA SAMSKARIKA MANDALAM
ജീവകല
Reg.No.T 1611/09
VENJARAMOOD

ജീവകല കലാസാംസ്കാരിക മണ്ഡലം

രജി: നമ്പർ : T 1611/09

വെഞ്ഞാറമൂട്

പ്രവർത്തന റിപ്പോർട്ട്

ധനുമാസ തിരുവാതിര

കേരളത്തിന്റെ ആചാരാനുഷ്ഠാനങ്ങളിൽ സ്ത്രീ പ്രാതിനിധ്യമുള്ള ധനുമാസ തിരുവാതിര വർഷങ്ങളായി മുടങ്ങാതെ ജീവകല നടത്തിവരാറുള്ളതാണ്. 2015 ജനുവരി 25 ന് മാണിക്കോട് ശിവക്ഷേത്രത്തിൽ ജനപങ്കാളിത്തത്തോടെ നടത്തുകയുണ്ടായി.

ജീവകല വാർഷികം

2016 ഏപ്രിൽ 14, 15 തീയതികളിലായി വാർഷിക പരിപാടി നടന്നു.

പേരൂർക്കട മാനസിക ആരോഗ്യകേന്ദ്രത്തിലെ 850 ൽപരം അന്തേവാസികൾക്ക് വിഷുസദ്യ നൽകി. ആശുപത്രി അങ്കണത്തിൽ അതിഥിയായി എത്തിയ ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഓർമ്മമരം നടുകയുണ്ടായി. തുടർന്ന് ജീവകലയിലെ വിദ്യാർത്ഥികൾ അന്തേവാസികൾക്കായി കലാപരിപാടികൾ അവതരിപ്പിച്ചു.

സുഖുനോ ഭവന്തു എന്ന പേരിൽ ഒരു പൂർണ ദിവസ മെഡിക്കൽ ക്യാമ്പും അവയവദാന പത്രികയുടെ സ്വീകരിക്കലും നടന്നു. സർക്കാർ - സ്വകാര്യ മേഖലയിൽ നിന്നും നിരവധി സ്ഥാപനങ്ങൾ ഇതിൽ സഹകരിച്ചു. പുലയനാർകോട്ട ഡയബറ്റിക് സെന്റർ, കണ്ണാശുപത്രി, ജില്ലാ ഹോമിയോ ആശുപത്രി, ഗോകുലം മെഡിക്കൽ കോളേജ്, പി. എം. എസ്. ദന്തൽ കോളേജ്, സമദ് ആശുപത്രി, യൂനുസ് മെമ്മോറിയൽ ആയുർവേദ ആശുപത്രി, നാഷണൽ സ്കാൻ സെന്റർ, പേരൂർക്കട മാനസിക രോഗാശുപത്രി തുടങ്ങിയവ ഇതിൽ ഉൾപ്പെടും. എല്ലാ കൗണ്ടറുകളിലും രോഗികളുടെ നല്ല പങ്കാളിത്തം അനുഭവപ്പെട്ടു.

സമാപന സമ്മേളനം പൂറ്റിങ്ങൽ ക്ഷേത്ര ദുരന്തം കാരണം ലളിതമായി നടത്തി. നന്ദകുമാർ ഐ. എ. എസ്., കാർട്ടൂണിസ്റ്റ് സുകുമാർ, വക്കം ഷാജഹാൻ തുടങ്ങിയവർ സംബന്ധിച്ചു. നിരാലംബരായ 10 പേർക്ക് സൗജന്യഭക്ഷണക്കിറ്റ് വിതരണം ചെയ്തു.

നെല്ലനാട്, മാണിക്കൽ, പുല്ലമ്പാറ, മുദാക്കൽ എന്നീ പഞ്ചായത്തുകളിൽ ക്യാമ്പിനുവേണ്ടി പഞ്ചായത്ത് പ്രസിഡന്റുമാരുടെ നേതൃത്വത്തിൽ അംഗൻവാടി,

സി. ഡി. എസ്. ഗ്രൂപ്പുകളുടെ യോഗം ചേർന്നാണ് പരിപാടികൾ ആസൂത്രണം ചെയ്തത്.

സമാദരം

അധ്യാപക ദിനത്തോടനുബന്ധിച്ച് സമാദരം എന്ന പേരിൽ പാരലൽ കോളേജ് മേഖലയിൽ പ്രവർത്തിച്ചുവരുന്നവരെ ആദരിക്കുകയും മൺമറഞ്ഞുപോയ 4 ഗുരുക്കന്മാരുടെ പേരിൽ അവാർഡ് നൽകുകയും ചെയ്തു. ഗുരുശിഷ്യസമാഗമത്തിന് കൂടിയുള്ള ഒരു വേദിയായി ഇതുമാറി.

ശ്രേഷ്ഠഭാഷയ്ക്ക് ആദരം
ഭാഷാപിതാവിന് പ്രണാമം

കർക്കിടകമാസത്തിൽ 32 ദിവസം നീളുന്ന വലിയ ഒരു ക്യാമ്പയിൻ ജീവകല നടത്തി. ഭാഷാപിതാവായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ കൃതിയായ അദ്ധ്യാത്മ രാമായണത്തെ അടിസ്ഥാനപ്പെടുത്തി മലയാള ഭാഷ പഠിക്കുവാനുള്ള അവസരമായിരുന്നു അത്.

ജൂലൈ 16 ന് കവിയും പ്രഭാഷകനുമായ ഏഴാച്ചേരി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഡി. കെ. മുരളി എം. എൽ. എ. അദ്ധ്യക്ഷത വഹിച്ചു. പന്തളം കേരള വർമ്മരാജ, സ്വാമി അദ്വൈതാനന്ദപുരി എന്നിവർ സംസാരിച്ചു. നിയമസഭാംഗമായി തെരഞ്ഞെടുത്ത ഡി. കെ. മുരളിയെ ആദരിച്ചു.

തുടർന്ന് എല്ലാ ദിവസവും വൈകിട്ട് രാമായണ ഭാഗങ്ങൾ പ്രതിപാദിച്ചു കൊണ്ടുള്ള ക്ലാസ്സുകൾ നടന്നു. എസ്. എ. സൂര്യരാജൻ, ദാമോദരൻപിള്ള എന്നിവർ പാരായണക്ലാസ് നയിച്ചു. പ്ലസ് വൺ മുതൽ 70 വയസ്സുള്ളവർ ഉൾപ്പെടെ 40 പേർ പഠിതാക്കളായെത്തി. ഓരോ ഖാണ്ഡത്തിലും അതിഥികളായി പുനലൂർ ശ്യാംനാഥ്, മണികണ്ഠൻ പള്ളിക്കൽ, സുരാജ് വെഞ്ഞാറമൂട് എന്നിവർ എത്തിച്ചേർന്നു.

ആഗസ്റ്റ് 16 ന് സമാപന സമ്മേളനം വൈലോപ്പിള്ളി സംസ്കൃതിഭവനിൽ മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ഡി. കെ. മുരളി എം. എൽ. എ. അദ്ധ്യക്ഷത വഹിച്ചു. ഭാഷാപണ്ഡിതൻ എം. എം. ബഷീർ, കാവാലം ശ്രീകുമാർ, ഡോ: എം. ആർ. തമ്പാൻ, കിടിലം ഫിറോസ് എന്നിവർ പ്രസംഗിച്ചു.

പഠിതാക്കളായി എത്തിയവർ രാമായണസംഘപാരായണം നടത്തുക യുണ്ടായി. തുടർന്ന് കാരേറ്റ് രവികുമാർ അവതരിപ്പിച്ച പുല്ലാങ്കുഴൽ കച്ചേരി നടന്നു.

ഇതിന്റെ തുടർപ്രവർത്തനം എന്ന നിലയിൽ പഠിതാക്കളായി എത്തിയവരുടെ വസതികളിൽ മാസത്തിൽ ഒരു ദിവസം പാരായണം നടത്തിവരുന്നു.

പഞ്ചഭാഷാപഠനം

മലയാളം, ഹിന്ദി, തമിഴ്, ഇംഗ്ലീഷ്, സംസ്കൃതം എന്നീ ഭാഷകൾ കൈകാര്യം ചെയ്യാൻ ഉതകുന്ന നിലയ്ക്കുള്ള സൗജന്യ ഭാഷാപഠനം ജീവകലയിൽ നടന്നുവരുന്നു.

ഭക്ഷണപ്പൊതി

വാർഷിക ചടങ്ങുകൾക്ക് ശേഷം എല്ലാ ഞായറാഴ്ചകളിലും ജീവകലയിലെ വിദ്യാർത്ഥികൾ കൊണ്ടുവരുന്ന ഉച്ചഭക്ഷണപ്പൊതി വെഞ്ഞാറമൂട്ടിൽ ഭക്ഷണം ഇല്ലാതെ അലയുന്നവർക്ക് സൗജന്യമായി നൽകിവരുന്നു.

പഠന വിനോദയാത്ര

ജീവകലയിലെ വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ, അഭ്യുദയകാംക്ഷികൾ എന്നിവരെ ഉൾപ്പെടുത്തി മൂന്നുനാൾ നീണ്ട പഠന വിനോദയാത്ര സംഘടിപ്പിച്ചു.

പുനലൂർ തൂക്കുപാലം, കോന്നി ആന വളർത്തൽ കേന്ദ്രം, എരുമേലി ക്ഷേത്രം-പള്ളി, വാഗമൺ, തേക്കടി, കൊടൈക്കനാൽ, രാമേശ്വരം, ധനുഷ്കോടി, മധുര എന്നിവിടങ്ങൾ സന്ദർശിച്ചു.

നവരാത്രി ചടങ്ങുകൾ

പൂജ വയ്പ്പും പൂജയെടുപ്പും ചടങ്ങുകൾ ആചാരപ്രകാരം നടത്തി. സംഗീത വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സംഗീതാർച്ചന നടത്തുവാൻ കഴിഞ്ഞു.

വിദ്യാരംഭദിനത്തിൽ എഴുത്തിനിരുത്തൽ ചടങ്ങ് നടത്തി. പാറയ്ക്കൽ വേണുഗോപാൽ, പുനലൂർ ശ്യാംനാഥ്, ഡോ: എ. കെ. അനസ്, എസ്. ഈശ്വരൻപോറ്റി എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം വഹിച്ചു.

ശാസ്ത്രീയ ചെസ് പരിശീലനം

2016 ഒക്ടോബർ 26 ന് ശാസ്ത്രീയ ചെസ് പരിശീലന പരിപാടി മുൻ എ. ഡി. എം. വി. ആർ. വിനോദ് നിർവ്വഹിച്ചു. എല്ലാ ശനിയാഴ്ചകളിലും ക്ലാസ്സ് നടന്നുവരുന്നു.

വാർഷിക പൊതുയോഗം

01-12-2016 ന് വാർഷിക പൊതുയോഗം പ്രസിഡന്റ് എം. എച്ച്. നിസാറിന്റെ അദ്ധ്യക്ഷതയിൽ കൂടി. പ്രവർത്തന റിപ്പോർട്ടും വരവ് ചിലവ് കണക്കുകളും അംഗീകരിച്ചു. അടുത്ത വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു.

2059946/2017/OS-CLAD

01–10–2015 മുതൽ 30–09–2016 വരെയുള്ള

വരവ് ചെലവ് കണക്കുകൾ

Receipt and Payment A/c

Receipts	Amount	Payments	Amount
1/10/2015 ൽ DCB - SB അക്കൗണ്ട്	1,500 . 00	തിരുവാതിര പരിപാടി	63,000 . 00
മാസവരി	1,000 . 00	നവരാത്രി ചടങ്ങ്	6,000 . 00
തിരുവാതിര പരിപാടി	24,000 . 00	പൂജ വയ്പ്, പൂജയെടുപ്പ്	4,300 . 00
നവരാത്രി ചടങ്ങ്	1,800 . 00	വാർഷിക പരിപാടി	63,100 . 00
വാർഷിക പരിപാടി	40,000 . 00	രാമായണ പരിപാടി	44,000 . 00
സെക്രട്ടറി അഡ്വാൻസ്	67,700 . 00	റീത്ത്	200 . 00
		ഡി. റ്റി. പി.	1,300 . 00
		DCB - SB അക്കൗണ്ട് (30/9/16)	3,100 . 00
ആകെ	1,85,000 . 00	ആകെ	1,85,000 . 00

JEEVAKA A KALA SAMSKARIKA MANDALAM
Reg.No.T 1611/09
VENJARAMOOD

Income and Expenditure A/c

Expenditure	Amount	Income	Amount
തിരുവാതിര പരിപാടി	63,000 . 00	മാസവരി	1,000 . 00
നവരാത്രി ചടങ്ങ്	6,000 . 00	തിരുവാതിര പരിപാടി	24,000 . 00
പൂജവയ്പ്, പൂജയെടുപ്പ്	4,300 . 00	നവരാത്രി ചടങ്ങ്	1,800 . 00
വാർഷിക പരിപാടി	63,800 . 00	വാർഷിക പരിപാടി	40,000 . 00
രാമായണ പരിപാടി	44,000 . 00	രാമായണ പരിപാടി	49,000 . 00
റീത്ത്	200 . 00	കമ്മി	66,100 . 00
ഡി. റ്റി. പി.	1,300 . 00		
ആകെ	1,81,900 . 00	ആകെ	1,81,900 . 00

JEEVAKALA KALA SAMSKARIKA MANDALAM
ജീവകല
Reg.No.T 1611/09
VENJARAMOOD

Balance Sheet as on 30-09-2016

Liabilities	Amount	Assets	Amount
സെക്രട്ടറി അഡ്വാൻസ്		DCB Savings A/c.	3,100 . 00
മുൻവർഷം	3,66,000 . 00	കമ്മി – മുൻവർഷം364500 . 00	
തൻ വർഷം	67,700 . 00	തൻവർഷം 66100 . 00	4,30,600 . 00
ആകെ	4,33,700 . 00	ആകെ	4,33,700 . 00

ഒപ്പ്

ആഡിറ്റർ

1. പ്രസിഡന്റ്

2. സെക്രട്ടറി

3. ഖജാൻജി

JEEVAKALA KALA SAMSKARIKA MANDALAM
ജീവകല
Reg.No.T 1611/09
VENJARAMOOD

ജീവകല കലാസാംസ്കാരിക മണ്ഡലം

വെഞ്ഞാറമൂട്

01-12-2016 ൽ കൂടിയ പൊതുയോഗം തെരഞ്ഞെടുത്ത ഭാരവാഹികൾ

പ്രസിഡന്റ്	എം. എച്ച്. നിസാർ മൈലയ്ക്കൽ ഗാർഡൻസ് ബ്ലോക്ക് ഓഫീസിന് സമീപം, വെഞ്ഞാറമൂട് പി. ഒ.
വൈസ് പ്രസിഡന്റ്	എസ്. ഈശ്വരൻപോറ്റി കല്ലൂർമഠം, വലിയകട്ടയ്ക്കാൽ, വെഞ്ഞാറമൂട്
സെക്രട്ടറി	വി. എസ്. ബിജുകുമാർ എസ്. വി. നിവാസ്, വെഞ്ഞാറമൂട് പി. ഒ.
ജോ: സെക്രട്ടറി	പി. മധു കൊച്ചുവിളാകത്ത് വീട്, മണലിമുക്ക്, വെഞ്ഞാറമൂട് പി. ഒ.
ട്രഷറർ	ആർ. ശ്രീകുമാർ ശ്രീഭവൻ, തണ്ടാംപൊയ്ക, വെഞ്ഞാറമൂട് പി. ഒ.
എക്സി. കമ്മിറ്റി അംഗങ്ങൾ	1. എസ്. എ. സൂര്യരാജൻ അമ്മവീട്, പിരപ്പൻകോട് പി. ഒ.
	2. സോണി റ്റി. നായർ രാജമന്ദിരം, വയ്യേറ്റ്, വെഞ്ഞാറമൂട് പി. ഒ.

JEEVAKALA KALA SAMSKARIKA MANDALAM
ജീവകല
Reg.No.T 1611/09
VENJARAMOOD

ജീവകല
കലാ സാംസ്കാരിക മണ്ഡലം
jeevakala kala samskarika mandalam

Phone: +91 9946555041

Affiliated to Kerala Sangeetha Nataka Academy 240/TVM/2010
Kerala State Youth Welfare Board A-694 - Nehru yuva kendra VM/661/2/2012

പ്രസിഡന്റ്
എം. എച്ച്. നിസാർ
8943353370

സെക്രട്ടറി
വി. എസ്. ബിജുകുമാർ
9946555041

വൈസ് പ്രസിഡന്റ്
എസ്. ഈശ്വരൻപോറ്റി
റിട്ട. ജോയിന്റ് സെക്രട്ടറി,
ഗവ. സെക്രട്ടറിയേറ്റ്
9446558062

ജോയിന്റ് സെക്രട്ടറി
പി. മധു
9645063478

ട്രഷറർ
ശ്രീകുമാർ NRC
9447172622

From

വി. എസ്. ബിജുകുമാർ
സെക്രട്ടറി, ജീവകല

To

സെക്രട്ടറി
സാംസ്കാരിക വകുപ്പ്
ഗവ: സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

സർ,

വിഷയം :- സംസ്ഥാനതല പാരമ്പര്യ തിരുവാതിരകളി മത്സരം - വരിക വാർതിങ്കളേ - സാമ്പത്തിക സഹായം സംബന്ധിച്ച്

തിരുവനന്തപുരം ജില്ലയിലെ പ്രമുഖ കലാ സാംസ്കാരിക സംഘടനയാണ് ജീവകല. ധനുമാസത്തിലെ തിരുവാതിര കേരളത്തിലെ പാരമ്പര്യ ആചാരാനുഷ്ഠാനങ്ങളിൽ പ്രധാനമാണ്. അരങ്ങിലും അണിയറയിലും സ്ത്രീകൾ മാത്രം നേതൃത്വം നൽകുന്ന ഒരേ ഒരു കലാരൂപം. 7 വർഷമായി വെഞ്ഞാറമൂട് കേന്ദ്രീകരിച്ച് കേരളത്തിന്റെ സ്വന്തം കലാരൂപമായ കൈകൊട്ടിക്കളി / തിരുവാതിര അതിന്റെ എല്ലാ പാരമ്പര്യവും തനിമയും നിലനിർത്തി ഞങ്ങൾ ആചരിച്ചു വരികയാണ്.

തിരുവാതിര നടനം പരിശീലിപ്പിക്കുകയും അവ പ്രദർശിപ്പിക്കാനുള്ള വേദി ഒരുക്കുകയും ചെയ്യുന്നുണ്ട്. "വരിക, വാർതിങ്കളേ_" എന്ന നാമത്തിൽ 3 വർഷമായി സംസ്ഥാനതല പാരമ്പര്യ തിരുവാതിരക്കളി മത്സരം നടത്തുന്നു. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് അത്യാകർഷകമായ സമ്മാനങ്ങൾ നൽകി വരുന്നു. കഴിഞ്ഞ വർഷം കേരള സാംസ്കാരികകാര്യ വകുപ്പിന്റെ ഒരു ലക്ഷം രൂപയുടെ അനാവർത്തന ഗ്രാന്റ് ജി. ഒ. നം. 62/2018/കൾച്ചറൽ ഡിപ്പാർട്ട്മെന്റ്, കേരള മുഖാന്തിരം ലഭിക്കുകയുണ്ടായി.

2018 ഡിസംബർ 16 നാണ് ഈ വർഷത്തെ തിരുവാതിര കളി മത്സരം. 14 ടീമുകൾ മത്സര രംഗത്തുണ്ടാവും. ഭാരിച്ച സാമ്പത്തിക ബാദ്ധ്യത വരുന്ന ഈ പരിപാടിയിൽ അങ്ങയുടെ വകുപ്പിന്റെ ഭാഗത്തുനിന്നും ആവശ്യമായ പിന്തുണയും സാമ്പത്തിക സഹായവും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

എസ്റ്റിമേറ്റ്

സമ്മാനം	1,00,000
പ്രചരണം	1,00,000
ഉദ്ഘാടന സമാപന ചടങ്ങുകൾ	50,000
ഹാൾ വാടക	25,000
സൗണ്ട് സിസ്റ്റം, ലൈറ്റ്, കസേര, etc.	50,000
എൽ. ഇ. ഡി. വാൾ	40,000
സ്റ്റേജ്, ആർച്ച്	50,000
മൈക്ക് പ്രചരണം	30,000
ഭക്ഷണം, മേക്കപ്പ്	20,000
ജഡ്ജസ് ചെലവ്	15,000
ഷൂട്ട്, ക്യാമറ	40,000
ഇതരം	30,000
ആകെ	6,50,000

JEEVAKALA KALA SAMSKARIKA MANDALAM
ജീവകല
Reg No.T 1611/09
VENJARAMOOD

വിശ്വസ്തതയോടെ,

വെഞ്ഞാറമൂട്,
21-11-2018

സെക്രട്ടറി

ജീവകല കലാസാംസ്കാരിക മണ്ഡലം

രജി: നമ്പർ : T 1611/09

വെഞ്ഞാറമൂട്

JEEVAKALA KALA SAMSKARIKA MANDALAM
ജീവകല
Reg.No.T 1611/09
VENJARAMOOD

പ്രവർത്തന റിപ്പോർട്ട്

2018-19

01-10-2017 മുതൽ 30-09-2018 വരെയുള്ള കാലയളവിലെ വാർഷിക കണക്കുകളും പുതിയ ഭരണസമിതിയുടെ ലിസ്റ്റും ജില്ലാ രജിസ്ട്രാർക്ക് സമർപ്പിച്ചു.

വരിക വാർത്തിങ്കളേ,

ധനുമാസ തിരുവാതിര കളി മത്സരം മുൻവർഷങ്ങളെപ്പോലെ ഗംഭീരമായി നടത്തി. ആകെ 12 ടീമുകൾ പങ്കെടുത്തു. ഒന്ന് മുതൽ മൂന്ന് വരെ സ്ഥാനക്കാർക്ക് ക്യാഷ് പ്രൈസ്, മെമന്റോ, സർട്ടിഫിക്കറ്റുകൾ നൽകി. അഡ്വ: ഡി. കെ. മുരളി എം. എൽ. എ. സമ്മേളനം ഉദ്ഘാടനം ചെയ്തു. മകയിരം രാത്രിയിൽ മാണിക്കോട് ശിവക്ഷേത്രാങ്കണത്തിലും തിരുവാതിര നടനം സംഘടിപ്പിച്ചു. ഇക്കൊല്ലം കേരള സാംസ്കാരികകാര്യ വകുപ്പിന്റെ ഒരു ലക്ഷം രൂപയുടെ അനാവർത്തന ഗ്രാന്റ് ജി. ഒ. നം. 62/2018/കൾച്ചറൽ ഡിപ്പാർട്ട്മെന്റ്, കേരള മുഖാന്തിരം ലഭിക്കുകയുണ്ടായി. തുടർന്ന് അത് ചിലവഴിച്ചതിനുള്ള കെ. എഫ്. സി. ഫോം 44 പ്രകാരം ചാർട്ടേർഡ് അക്കൗണ്ട് ആഡിറ്റ് ചെയ്ത യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സാംസ്കാരിക വകുപ്പ് ഡയറക്ടർ, സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറിയറ്റ്, എ. ജി. എന്നിവിടങ്ങളിൽ സമർപ്പിച്ചു. സ്വാമി വിവേകാനന്ദ ജയന്തിയുടെ ഭാഗമായി ജീവകലയിലെ ചിത്രകലാ വിദ്യാർത്ഥികൾ വരച്ച ചിത്രങ്ങളുടെ പ്രദർശനം നെല്ലനാട് ഗ്രാമപഞ്ചായത്ത് ആഡിറ്റോറിയത്തിൽ നടത്തി. വെഞ്ഞാറമൂട് ജി. എച്ച്. എസ്. എസ്. പ്രിൻസിപ്പാൾ ഹരികുമാർ ഉദ്ഘാടനം ചെയ്തു.

ഏപ്രിൽ 14, 15, 16 തീയതികളിൽ വാർഷിക പരിപാടി നടത്തി. "ബലികുടീരങ്ങളേ..." ഗാനത്തിന് അറുപത് ആണ്ട് തികഞ്ഞതിന്റെ ഭാഗമായി 60 ഗായകർക്ക് പരിശീലനം നടത്തി. സ്വാതന്ത്ര്യ സമര സേനാനിയും മുൻമുഖ്യമന്ത്രിയുമായ വി. എസ്. അച്യുതാനന്ദൻ, ഗായകൻ എം. എസ്. നസീം എന്നിവരുടെ സാന്നിദ്ധ്യത്തിൽ സംഘഗാനാലാപനം നടത്തി. സ്വാതന്ത്ര്യത്തിന്റെ സ്മൃതിപഥങ്ങളിലൂടെയുള്ള യാത്രയിൽ ഡി. കെ. മുരളി എം. എൽ. എ., പിരപ്പൻകോട് മുരളി എക്സ്. എം. എൽ. എ. എന്നിവർ ആശംസയർപ്പിക്കാൻ എത്തിച്ചേർന്നു. ജീവിതത്തിന്റെ വിവിധ പടവുകളിൽ വ്യത്യസ്തത കൊണ്ട്

ശ്രദ്ധേയമായ 4 പേരെ ആദരിച്ചു. ഏപ്രിൽ 15 ന് സുപ്രസിദ്ധ മാപ്പിള കലാകാരൻ എരഞ്ഞോളി മൂസയുടെ നേതൃത്വത്തിൽ അസീസ് തേയിനേരി, സീനത്ത് കണ്ണൂർ തുടങ്ങിയവർ മാപ്പിളപ്പാട്ടുകളും, റിയാലിറ്റി ഷോകളിലെ കലാകാരന്മാർ ഒപ്പന നൃത്തവും അവതരിപ്പിച്ചു. ഭരത് സുരാജ് വെഞ്ഞാറമൂട് മുഖ്യാതിഥിയായി പങ്കെടുത്തു.

ഏപ്രിൽ 16 ന് കല്ലറ സ്നേഹതീരത്തിലെ അന്തേവാസികൾക്ക് സദ്യയൊരുക്കി.

ഭാഷാപഠനം

ആധുനിക മലയാള ഭാഷയുടെ പിതാവ് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന് പ്രണാമമർപ്പിച്ചുകൊണ്ട് കർക്കിടക മാസത്തിൽ 30 ദിവസം നീണ്ടുനിന്ന രാമായണ സംഘപാരായണം സംഘടിപ്പിച്ചു. രാമായണ പാരായണത്തിന് മുന്നോടിയായി പ്രശ്നോത്തരി, പ്രഭാഷണം, ലേഖനമെഴുതി പാരായണം എന്നിവയിൽ മത്സരം സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു.

മുൻ ചീഫ് സെക്രട്ടറി സി. പി. നായർ ഉദ്ഘാടനം ചെയ്തു. ഡി. കെ. മുരളി എം. എൽ. എ. അദ്ധ്യക്ഷത വഹിച്ചു. ഡോ: എം. എം. ബഷീർ മുഖ്യപ്രഭാഷണം നടത്തി. കാഥികൻ പുളിമാത്ത് ശ്രീകുമാറിനെ ആദരിച്ചു. സമാപന സമ്മേളനം അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിഭായി തമ്പുരാട്ടി ഉദ്ഘാടനം ചെയ്തു.

പ്രളയദുരന്തത്തിൽ അകപ്പെട്ടവരെ സഹായിക്കാൻ ജീവകല ആത്മാർത്ഥമായി പ്രവർത്തിക്കുകയുണ്ടായി. ചെങ്ങന്നൂർ, തിരുവല്ല, റാന്നി മേലകളിൽ ഒറ്റപ്പെട്ടുകഴിഞ്ഞവരെ കണ്ടെത്തി വസ്ത്രവും ആഹാരവും ഉൾപ്പെടെ ഏകദേശം 3 ലക്ഷം രൂപയ്ക്കുള്ള സാധന സാമഗ്രികൾ കൈമാറി.

കേരള സർക്കാർ ആഹ്വാനം ചെയ്ത നവകേരള ലോട്ടറിയുടെ താൽക്കാലിക ഏജൻസിയെടുത്ത് ടിക്കറ്റ് വിൽപ്പന നടത്തി.

മുതിർന്ന സ്ത്രീകൾക്കും വീട്ടമ്മമാർക്കുമായി തിരുവാതിര പഠനക്ലാസ് ജീവകലയിൽ ഒക്ടോബറിൽ ആരംഭിച്ചു.

ഒക്ടോബർ അവസാനം തോന്നയ്ക്കൽ സായിഗ്രാമത്തിൽ സായി മഹോത്സവത്തിന്റെ ഭാഗമായ ചടങ്ങിൽ ജീവകലയിലെ സംഗീത വിദ്യാർത്ഥികൾ സംഗീതാർച്ചന നടത്തുകയുണ്ടായി.

നവരാത്രി ആഘോഷങ്ങൾ എല്ലാവർഷത്തെയും പോലെ ഗംഭീരമായി നടത്തുകയും എഴുത്തിനിരുത്തൽ ചടങ്ങ് സംഘടിപ്പിക്കുകയും ചെയ്തു.

JEEVAKALA KALA SAMSKARIKA MANDALAM
ജീവകല
Reg.No.T 1611/09
VENJARAMOOD

സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച സർട്ടിഫിക്കറ്റ്

1955-ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്റരാക്കൽ ആക്ട്

ക്രമ നമ്പർ T.16/11/09 വർഷം 2009

1955-ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്റരാക്കൽ ആക്ട് അനുസരിച്ച് [illegible] ഇന്നേദിവസം രജിസ്റ്റർ ചെയ്തതായി ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

രണ്ടായിരത്തി [illegible] ാമാണ്ട് [illegible] മാസം 28 ാം തീയതിയായ ഇന്ന് ഞാൻ കൈയൊപ്പുവച്ചു നൽകിയിരിക്കുന്നു.

സംഘം രജിസ്ട്രാർ.

24X7 PHONE BANKING
1800 425 1199
1800 420 1199
NRI A/c 7610594/5 (NRI)
www.federalbank.co.in
FEDERAL BANK
YOUR PERFECT BANKING PARTNER

Name	JEEVAKALA KALA SAMSKARIKA MANDALAM	Account Number	: 14220200002937
Communication Address	Sarovaram Building	Customer ID	: 27169084
	Venjaramoodu P O	Regd. Mobile Number	: 9199xxxxxx1
	Thiruvananthapuram - 695607	Branch Name	: Venjaramoodu
Date Last Updated On	: 23-Jun-15	Currency	: INR
Type of Account	CURRENT	Nomination	: Not Registered
Scheme	CURRENTPLUS	Mode of Operation	: JOINT
MICR Code	FDRLINBBIBD	Joint Holders	: THOMAS JACOB, M. H. NIZAR, BIJU KUMAR V S
IFSC	: FDRL0001422		
MICR Code	695049015	Account Open Date	: 23-Jun-15
Effective Available Balance	Rs.19940	Date of Issue	: 25-May-18

Statement of Account for the period 23-Jun-15 to 24-May-18

Date	Particulars	Tran Type	Cheque Details	Value Date	Withdrawals	Deposits	Balance	Dr/Cr
	Opening Balance						0.00	Cr
Jun-15	JEEVAKALA KALA SAMSAKARIKA	TRF		23-Jun-15		10000.00	10000.00	Cr
Mar-17	CLG/REGIONAL COOPERATIVE MILK PRO/834/ICICI BANK	CLG		27-Mar-17		5000.00	15000.00	Cr
Apr-17	CASH	CASH	10032682	25-Apr-17	5000.00		10000.00	Cr
Apr-17	NFT KGB VEN:KLGBH17115895153	TRF		25-Apr-17		3000.00	13000.00	Cr
Apr-17	CLG SREEJITH SAROJINI AMMA/130/ICICI BANK	CLG		26-Apr-17		5000.00	18000.00	Cr
Apr-17	A R JAMEELA BEEGUM HPC DEALER	TRF	10032683	28-Apr-17	8000.00		10000.00	Cr
May-17	CLG/SREE JAYAJOTHI CEMENTS/325678/AXIS BANK	CLG		16-May-17		5000.00	15000.00	Cr
May-17	CASH	CASH	10032681	19-May-17	5000.00		10000.00	Cr
Jun-17	KSFE	TRF		02-Jun-17		5000.00	15000.00	Cr
Jun-17	CLG/KERALA LIVE STOCK/591587/SBI	CLG		03-Jun-17		3000.00	18000.00	Cr
Jun-17	CLG/KALLUNGAL/129007/INDUSIND	CLG		07-Jun-17		10000.00	28000.00	Cr
Jun-17	CASH	CASH	10032684	13-Jun-17	8000.00		20000.00	Cr
Jun-17	CASH	CASH	10032685	15-Jun-17	10000.00		10000.00	Cr
Aug-17	CLG/KERALA STATE BEVERAGES/262225/UNION BANK	CLG		01-Aug-17		10000.00	20000.00	Cr
Aug-17	CLG/ST JOHNS HEATH SERVICE/612630/SOUTH INDI	CLG		28-Aug-17		5000.00	25000.00	Cr
Aug-17	CASH	CASH	10032686	31-Aug-17	15000.00		10000.00	Cr
Jan-18	CLG/TTES/1690/359061/VIJAYA BAN	CLG		09-Jan-18		17640.00	27640.00	Cr
Feb-18	CASH	CASH	10032687	14-Feb-18	17500.00		10140.00	Cr
Feb-18	NFT/DIRECTO/U0000000353409730	TRF		16-Feb-18		10000.00	20140.00	Cr
Mar-18	CLG/KSCADC/24510/SBI	CLG		06-Mar-18		5000.00	25140.00	Cr
Mar-18	NFT/DIRECTO/U0000000369826196/RESERVE BA	TRF		12-Mar-18		100000.00	125140.00	Cr
Mar-18	TFR KSFE	TRF		26-Mar-18		15000.00	140140.00	Cr

The Federal Bank Ltd Branch Venjaramoodu,Baby Apartments,M.C Road,Venjaramoodu,Thiruvananthapuram Kerala-695607. Email:vmd@federalbank.co.in, Ph:91-472-2871586,91-472-2875999
CIN:L65191KL1931PLC000368 Website: www.federalbank.co.in

3023884/2018/OS-CLAD

	Particulars	Tran Type	Cheque Details	Value Date	Withdrawals	Deposits	Balance	Dr/Cr
	[illegible]	TRF		31-Mar-18		83300.00	223440.00	Cr
[illegible] Apr-18	RABU.S	CLG	10032688	04-Apr-18	20000.00		203440.00	Cr
[illegible] Apr-18	ROYAL FURNITURE AND APPLI	CLG	10032691	07-Apr-18	33500.00		169940.00	Cr
[illegible] Apr-18	CASH	CASH	10032692	10-Apr-18	40000.00		129940.00	Cr
[illegible] Apr-18	CASH	CASH	10032693	10-Apr-18	40000.00		89940.00	Cr
[illegible] Apr-18	ORS RETAIL LTD	CLG	10032690	19-Apr-18	50000.00		39940.00	Cr
[illegible] Apr-18	[illegible] R SREEKUMAR	TRF	10032694	30-Apr-18	20000.00		19940.00	Cr
[illegible] May-18	[illegible] GOKULAM ROSE EYE CLINIC/673440/VIJAYA BAN	CLG		14-May-18		12000.00	31940.00	Cr
[illegible] May-18	CASH MADHU	CASH	10032695	15-May-18	12000.00		19940.00	Cr
	Grand Total				284000.00	303940.00		

[illegible]CLAIMER This computer generated statement contains the particulars of the transaction(s) in the account that have been updated till the time of day end operations of the [illegible] system of the Bank on the previous working day and the same will not reflect the transaction(s) that have occurred in the account, if any, subsequent thereto. The Federal [illegible] Ltd shall not be liable/responsible for want of full particulars of the transaction(s) at the time of generating this statement

[illegible]s a computer generated statement which need not normally be signed. Contents of this statement will be considered correct if no error is reported within 21 days of the [illegible]tement date

*** END OF STATEMENT ***

The Federal Bank Ltd Branch:Venjaramoodu,Baby Apartments,M.C Road,Venjaramoodu,Thiruvananthapuram Kerala-695607, Email:vmd@federalbank.co.in, Ph:91-472-2871566,91-472-2875999

CIN:L65191KL1931PLC000368 Website: www.federalbank.co.in

DILEEP & CO.
Chartered Accountants

K.F.C. FORM 44

FORM OF UTILISATION CERTIFICATE

Certificate showing utilization of Grants-in-aid

Name of institution: JEEVAKALA KALA SAMSKARIKA MANDALAM VENJARAMOODU

Serial number	Order sanctioning grant	Amount sanctioned Rs.	Year to which the grant relates	Period of utilization	Date of payment	Purpose of the grant	Amount Spent Rs.	Unspent balance	Remarks
1	2	3	4	5	6	7	8	9	10
1	G.o.No.62/2018/ Cultural Dept,Kerala	100,000	2017-18	2017-18	Various Dates from 15-11-2017 to 31-03-2018	To conduct State wide Traditional Thiruvathira Dance Competition	1,00,000	Nil	Total Amount Spent is Rs 1,86,490.

(i). Certified that out of the grant-in-aid of Rs 1,00,000 (One Lakh Rupees only) sanctioned during the Financial Year 2017-2018 in favour of Jeevakala Kala Samskarika mandalam as per the orders mentioned above, and Rs. Nil on account of unspent balance of the previous year, a sum of Rs.1,86,490 has been utilised for the purpose of for which the grant was sanctioned and that the balance of Rs.Nil remaining unutilized at the end of the FY 2017-18.

(ii). Certified that I have satisfied myself that the conditions on which the grant-in-aid was sanctioned have been duly fulfilled and that I have exercised the following checks to see that the money was actually utilized for the purpose for which it was sanctioned.

Kinds of check Exercised

1. Verification of vouchers/bills.
2. Verification of bank statement.
3. Verfication of Supplementary supportings.

DILEEP & Co. CHARTERED ACCOUNTANTS TRIVANDRUM-14 27/6/18

For DILEEP & Co.
Chartered Accountants

CA. DILEEP.S FCA
M.No. : 217182
FRN : 011282S

T.C 24/285, TSGRA-156, Sasthamkovil Road, Thycaud P.O, Thiruvananthapuram-695014,
Ph: 0471 2324244, 4066876 (O), 9447862164 (M), email : dileepandco@gmail.com

JEEVAKALA KALA SAMSKARIKA MANDALAM
RECIEPT AND PAYMENT ACCOUNT FOR THE YEAR ENDED 31-03-2018

RECIEPT	AMOUNT(Rs)	PAYMENT	AMOUNT(Rs)
Grant Received	1,00,000.00	Led Wall	24,000.00
Contribution from Jeevakala	86,490.00	Sound System and Stage	70,000.00
		Memento	2,800.00
		Printing and Stationary	690.00
		Photo shoot	17,000.00
		Publicity	45,000.00
		Video shoot	27,000.00
Total	1,86,490.00	Total	1,86,490.00

For DILEEP & Co.
Chartered Accountants

CA. DILEEP.S FCA
M.No. : 217182
FRN : 011282S

DILEEP & Co. CHARTERED ACCOUNTANTS TRIVANDRUM-14 27/6/18

3023884/2018/OS-CLAD

Sujith S. Kurup
President
Nellanadu Grama Panchayat
Venjaramoodu
Phone: 0472 - 2872031
nellanadgp@gmail.com

'TRIVENI'
Alanthara,
Venjaramoodu P.O.
Mob: 9447554845
sujithskurupksu@gmail.com

Date: 21.11.18.

വിജ്ഞാപനം.

ദേശീയപാത വെഞ്ഞാറമൂടിൽ ഉയർത്തിയുള്ള നിർമ്മാണത്തിന്റെ ഭാഗമായി ഇതുവഴി കടന്നുപോകുന്ന വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനാൽ ഗതാഗത നിയന്ത്രണത്തിന്റെ വിവരം അറിയിക്കുന്നതാണ്.

ഈ വിജ്ഞാപനം നിലവിലുള്ള മുഴുവൻ വിജ്ഞാപനങ്ങൾക്കും പകരമായിരിക്കുന്നതാണ്

OFFICE OF THE PANCHAYAT VENJARAMOODU.P.O PIN : 695 607

സുജിത് എസ്. കുറുപ്പ്
പ്രസിഡന്റ്
നെല്ലനാട് ഗ്രാമപഞ്ചായത്ത്
വെഞ്ഞാറമൂട് പി.ഒ.
ഫോൺ : 0472-2872031, 9496040702
nellanadgp@gmail.com

ജീവകല
കലാ സാംസ്കാരിക മണ്ഡലം
jeevakala kala samskarika mandalam

Phone: +91 9946555041

Affiliated to Kerala Sangeetha Nataka Academy 240/TVM/2010
Kerala State Youth Welfare Board A-694 - Nehru yuva kendra VM/661/2/2012

To

ദി സെക്രട്ടറി
സാംസ്കാരിക വകുപ്പ്
ഗവ: ഓഫ് കേരള

സർ,

വിഷയം :- വജ്രകേരളം - മാതൃഭാഷാ വന്ദനം - ഗ്രാമീണ കലോത്സവവും പുസ്തകമേളയും സാംസ്കാരിക വിനിമയ പരിപാടിയും - സ്പോൺസർഷിപ്പ് സംബന്ധിച്ച്

തിരുവനന്തപുരം ജില്ലയിലെ പ്രമുഖ കലാസാംസ്കാരിക സംഘടനയാണ് ജീവകല കലാസാംസ്കാരിക മണ്ഡലം. കേരളത്തിന്റെ തനത് കലകൾ പ്രോത്സാഹിപ്പിക്കുന്നതിനും അന്യം നിന്നുപോകുന്ന കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും ഞങ്ങൾ ജാഗ്രതയോടെ പ്രവർത്തിച്ചുവരികയാണ്. തിരുവിതാംകൂർ - കൊച്ചി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ജീവകല കേരള സംഗീത നാടക അക്കാദമി, കേരള ഫോക്ലോർ അക്കാദമി, നെഹ്റു യുവകേന്ദ്ര, സ്റ്റേറ്റ് യൂത്ത് വെൽഫയർ ബോർഡ് എന്നിവിടങ്ങളിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്.

സംഗീതം, ഉപകരണ സംഗീതം എന്നിവയിൽ തല്പരരായ പുതുതലമുറയിൽപ്പെട്ടവർക്ക് പരിശീലനത്തിനുള്ള വേദിയും ജീവകല ഒരുക്കുന്നുണ്ട്.

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടുപോകുന്നവരെ കൂടെ കൈപിടിച്ചുയർത്തിക്കൊണ്ടു വരാൻ ഞങ്ങൾ ശ്രമിക്കുന്നുണ്ട്.

സ്ത്രീകൾ മാത്രം അരങ്ങിലും അണിയറയിലും നിറഞ്ഞു നിൽക്കുന്ന കേരളത്തിന്റെ ഒരേ ഒരു കലാരൂപമാണ് ധനുമാസത്തിലെ തിരുവാതിര. 7 വർഷമായി ഞങ്ങൾ ആചാരാനുഷ്ഠാനങ്ങളോടെ പാരമ്പര്യ തിരുവാതിര അവതരിപ്പിച്ചുവരുന്നു.

ഫെബ്രുവരി 21 ലോക മാതൃഭാഷാദിനമായി ആചരിക്കപ്പെടുമ്പോൾ ജീവകല ആധുനിക മലയാള ഭാഷയുടെ പിതാവായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം ഒരു മാസക്കാലം സംഘപാരായണം നടത്തുകയുണ്ടായി. രാമായണം പാരായണം ചെയ്യാനും കഥാസന്ദർഭം മനസ്സിലാക്കുന്നതിനും സംഘപാരായണം വളരെയേറെ ഗുണം ചെയ്തു. ഇതിന്റെ തുടർച്ചയായി മലയാളം, സംസ്കൃതം, ഹിന്ദി, തമിഴ്, ഇംഗ്ലീഷ് ഭാഷ മനസ്സിലാക്കുന്നതിനുള്ള പഞ്ചഭാഷാ പഠനവും ആരംഭിച്ചു.

കേരളം അതിന്റെ 60-ാം പിറന്നാൾ ആഘോഷിക്കുന്ന വേളയാണിത്. 2017 നവംബർ 1 മുതൽ 4 വരെ തീയതികളിൽ സാംസ്കാരിക വകുപ്പുമായി സഹകരിച്ച് വജ്രകേരളത്തിന്റെ ഭാഗമായുള്ള ഒരു ചടങ്ങ് നടത്താൻ ഞങ്ങൾക്ക് അതിയായ ആഗ്രഹമുണ്ട്.

1513750/2017/OS-CLAD

1 മുതൽ 4 വരെ തീയതികളിലായി പുസ്തക പ്രദർശനവും വില്പനയും പ്രമുഖ പ്രസാദകരെ പങ്കെടുപ്പിച്ച് നടത്തുന്നതിനും എല്ലാ ദിവസവും സാംസ്കാരിക പരിപാടികളും സംഘടിപ്പിക്കുവാൻ കഴിയുന്നതാണ്. നാടൻ കലാരംഗത്ത് പ്രവർത്തിക്കുന്നവർ, നാടക പ്രവർത്തകർ, കാർഷിക മേഖലയിൽ സമഗ്ര സംഭാവന നൽകിയവർ, എഴുത്തുകാർ എന്നിവരെ ആദരിക്കുന്നതിനും കഴിയുന്നതാണ്. മലയാള ഭാഷയെയും സംസ്കാരത്തെയും സമ്പന്നമാക്കാൻ ഉതകുന്നവണ്ണം ഈ പരിപാടിയെ ചിട്ടപ്പെടുത്താനാവും വണ്ണം വാമനപുരം ബ്ലോക്കിന് കീഴിലുള്ള വായനശാലകൾ, സാംസ്കാരിക സംഘടനകൾ, സ്കൂളുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവരെക്കൂടെ ഇതിന്റെ വിവിധ ഘട്ടങ്ങളിലെ പ്രവർത്തനങ്ങളിൽ സഹകരിപ്പിച്ചുകൊണ്ട് ബൃഹത്തായ ജനകീയ പരിപാടി എന്ന നിലയിൽ മാറ്റാനാവും.

സ്വാതന്ത്ര്യസമര ചരിത്രത്തിലെ ഏടുകളിൽ പ്രധാനപ്പെട്ടതാണ് കല്ലറ - പാങ്ങോട് വിപ്ലവം. ചുങ്കം പിരിവിനെതിരെ ആരംഭിച്ച സമരത്തിന്റെ തുടക്കം വെഞ്ഞാറമൂടായിരുന്നു. നെടുമങ്ങാട് താലൂക്കിലെ ഏറ്റവും വലിയ മലഞ്ചരക്ക് വിപണന കേന്ദ്രവും വെഞ്ഞാറമൂടായിരുന്നു. ഗതകാല സ്മരണകൾ അയവിറക്കുമ്പോഴും ഇന്ന് തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ സാംസ്കാരിക പരിപാടികൾ നടത്തുന്ന ഇടമാണ് വെഞ്ഞാറമൂട്.

വജ്രകേരളത്തിന്റെ സന്ദേശമെത്തിക്കാൻ കഴിയുന്ന ഈ ചടങ്ങിൽ വാമനപുരം എം. എൽ. എ. ശ്രീ. ഡി. കെ. മുരളി തുടങ്ങിയ ജനപ്രതിനിധികളുടെ എല്ലാം സഹകരണത്തോടെ പരിപാടി ഗംഭീരമാക്കുവാൻ ഞങ്ങൾ ആലോചിക്കുകയാണ്.

ജീവകലയും സാംസ്കാരിക വകുപ്പും സംയുക്തമായി നടത്തുന്ന പരിപാടി എന്ന നിലയിൽ ബ്രോഷറും ഇതര പ്രചാരണ സാമഗ്രികളും തയ്യാർ ചെയ്യുന്നതാണ്.

ഇതിന് വരുന്ന ചിലവിന്റെ ഏകദേശചിത്രം ഇതോടൊപ്പം ഉൾക്കൊളിക്കുന്നുണ്ട്.

ഈ അപേക്ഷ പരിശോധിച്ച് അനുകൂലമായ തീരുമാനമുണ്ടാകണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ,

Nisar

എം. എച്ച്. നിസാർ
പ്രസിഡന്റ്

ബുക്ക് സ്റ്റാളിനുള്ള ചിലവ്	1,00,000
സ്റ്റേജ്	30,000
ലൈറ്റ്, ജനറേറ്റർ, മൈക്ക് etc	75,000
കലാപരിപാടികൾ	50,000
അതിഥികൾ, യാത്രാചിലവ്	25,000
ബ്രോഷർ, നോട്ടീസ്	80,000
പോസ്റ്റർ	20,000
മൊമന്റോ, പൊന്നാട, ബൊക്കെ	10,000
ഉദ്ഘാടന സമാപന സമ്മേളനം	50,000
ഉച്ചഭാഷിണി പ്രചരണം	30,000
ഇതരം	30,000
ആകെ	5,00,000

888463/2016/OS-CLAD

E - 880271/2016/MIN (SCDD)

തറവാട്

Tharavadu Charitable Society Reg. No. 68/2008

Registered Under Travancore Cochin Literacy, Scientific & Cultural Sodety Registration Act.

സെക്രട്ടറി - സാംസ്കാരിക വകുപ്പ്
പരിഗണിക്കുക.

Tharavadu/Varshikam/2016 22.09.16

To,

ബഹു.സാംസ്കാരികവകുപ്പ് മന്ത്രി
ഗവ.സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

A.K. BALAN
Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs

സർ,

So (A)
28/9/16
AS'

വിഷയം: പാരമ്പര്യകലകൾ നിലനിറുത്തുന്നതിന് കലാപരിപാടികൾക്ക് ധനസഹായം അനുവദിക്കുന്നതു സംബന്ധിച്ച്.

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ കോലിയക്കോട് കേന്ദ്രമാക്കി കഴിഞ്ഞ എട്ട് വർഷമായി കലാ സാംസ്കാരിക വിദ്യാഭ്യാസ കാർഷിക ആരോഗ്യ മേഖലകളിൽ സജീവമായ ഇടപെടൽ നടത്തി പ്രവർത്തിക്കുന്ന തറവാട് ചാരിറ്റബിൾ സൊസൈറ്റിയുടെയും കലാപഠന കേന്ദ്രത്തിന്റെയും 8-ാ മത് വാർഷികം 2016 ഒക്ടോബർ 8,9,10 തീയതികളിൽ കോലിയക്കോട് ഗവ: യു.പി.എസ് ആഡിറ്റോറിയത്തിൽ വച്ച് നടത്തുന്നു. ഇതിനോടനുബന്ധിച്ച് പാരമ്പര്യ കലാരൂപമായ കഥകളി നടത്തുന്നതിന് 50000/- രൂപ ധനസഹായമായി അനുവദിച്ചു നല്കണമെന്നഭ്യർത്ഥിക്കുന്നു.

THARAVADU CHARITABLE SOCIETY
REG. No. T. 68 / 2008
KOLIYAKKODU P.O.

വിശ്വസ്തതയോടെ

സെക്രട്ടറി

Scheduled Castes, Scheduled Tribes, Backward Classes, Law

Near Koliyacodu Consumer Co. op. Society, Koliyacode P.O., Thiruvananthapuram - 695607 Ph : 9447052035

വൈകു: 7 മണി മുതൽ :

കെ.പി.എ.സി.യുടെ 62-ാമത് നാടകം

നീതിന്യായം

ശ്രീകുമാരൻ തമ്പി, എം.കെ.അർജ്ജുനൻ,
ആർട്ടിസ്റ്റ് സുജാതൻ, ഉദയകുമാർ അമ്പലൂർ
സുരേഷ് ബാബു ശ്രീസ്ഥ, മനോജ് നാരായണൻ

തറവാട്
Tharavadu Charitable Society Reg. No. 68/2008
Registered Under Travancore Cochin Literacy, Scientific & Cultural Society Registration Act.

കോലിയക്കോട്

വാർഷികം 2016

സാംസ്കാരിക സമ്മേളനം
നൃത്തനൃത്യങ്ങൾ | നാടകം | കഥകളി

2016 ഒക്ടോബർ 8, 9, 10
കോലിയക്കോട് യു.പി.എസ്. ആഡിറ്റോറിയത്തിൽ

03/2016/OS-CLAD

ബഹുമാന്യരേ,
കലാ സാംസ്കാരിക, വിദ്യാഭ്യാസ,
കാർഷിക, ആരോഗ്യമേഖലകളിൽ സജീവമായ
ഇടപെടൽ നടത്തുക എന്ന ലക്ഷ്യത്തോടെ
കോലിയക്കോട് പ്രവർത്തിക്കുന്ന
തറവാട് ചാരിറ്റബിൾ സൊസൈറ്റിയുടേയും
കലാപഠനകേന്ദ്രത്തിന്റെയും 8-ാമത് വാർഷികം
2016 ഒക്ടോബർ 8,9,10 (ശനി, ഞായർ, തിങ്കൾ) തീയതികളിൽ
കോലിയക്കോട് ഗവ: യു.പി.എസ്. ആഡിറ്റോറിയത്തിൽ വച്ച് നടത്തുന്നു.
എല്ലാ നാട്ടുകാരുടേയും സഹായ സഹകരണങ്ങൾ
ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

എ.സി. ദിവാകരൻ നായർ
പ്രസിഡന്റ്

വി. സന്തോഷ്
സെക്രട്ടറി

കാര്യപരിപാടികൾ

ഒന്നാം ദിവസം

2016 ഒക്ടോബർ / 08 / ശനി

രാവിലെ 9 മണിക്ക് : പതാക ഉയർത്തൽ

വൈകു: 6 മണിക്ക് : **സാംസ്കാരിക സമ്മേളനം**

പങ്കെടുക്കുന്നവർ.....

ഡോ: എൻ. കെ. ജയകുമാർ
ശ്രീമതി കെ.എസ്. ഗീത (ഡയറക്ടർ, രംഗപ്രഭാത്)
ശ്രീ. വിഭു പിരപ്പൻകോട്

രാത്രി 7.00 മുതൽ : കലാപഠനകേന്ദ്രം വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന
നൃത്ത നൃത്യങ്ങൾ

രണ്ടാം ദിവസം

2016 ഒക്ടോബർ / 09 / ഞായർ

വൈകു: 6 മണി മുതൽ :

കഥകളി

കഥ : കർണ്ണശപഥം

പങ്കെടുക്കുന്നവർ

സർവ്വശ്രീ,
സദനം കൃഷ്ണൻകുട്ടി
മാർഗ്ഗി വിജയകുമാർ
കലാമണ്ഡലം ഷണ്മുഖൻ
കലാമണ്ഡലം പാർത്ഥസാരഥി
കലാമണ്ഡലം കാശിനാഥൻ
കലാലയം അർജ്ജുൻ

പാട്ട് കോട്ടക്കൽ മധു
കലാനിലയം രാജീവൻ
കോട്ടക്കൽ സന്തോഷ്

ചെണ്ട കലാമണ്ഡലം കൃഷ്ണദാസ്
കലാമണ്ഡലം ശ്രീകാന്ത് വർമ്മ

മദ്ദളം കലാമണ്ഡലം വേണുക്കുട്ടൻ
കലാമണ്ഡലം അജികൃഷ്ണൻ

ചുട്ടി പുളിമാത്ത് രവികുമാർ

അവതരണം :
വള്ളത്തോൾ സ്മാരക കഥകളിയോഗം
കോലിയക്കോട്

വൈകു: 7 മണി മുതൽ :

കെ.പി.എ.സി.യുടെ 62-ാമത് നാടകം

നീതിനായകം

ശ്രീകുമാരൻ തമ്പി, എം.കെ.അർജ്ജുനൻ,
ആർട്ടിസ്റ്റ് സുജാതൻ, ഉദയകുമാർ അഞ്ചൽ
സുരേഷ് ബാബു ശ്രീസ്ഥ, മനോജ് നാരായണൻ

തറവാട്
Tharavadu Charitable Society Reg. No. 68/2008
Registered Under Travancore Cochin Literacy, Scientific & Cultural Society Registration Act.

കോലിയക്കോട്

വാർഷികം 2016

സാംസ്കാരിക സമ്മേളനം
നൃത്തനൃത്യങ്ങൾ | നാടകം | കഥകളി

2016 ഒക്ടോബർ 8,9,10
കോലിയക്കോട് യു.പി.എസ്. ആഡിറ്റോറിയത്തിൽ

/2016/OS-CLAD

ബഹുമാന്യരേ,
കലാ സാംസ്കാരിക, വിദ്യാഭ്യാസ,
കാർഷിക, ആരോഗ്യമേഖലകളിൽ സജീവമായ
ഇടപെടൽ നടത്തുക എന്ന ലക്ഷ്യത്തോടെ
കോലിയക്കോട് പ്രവർത്തിക്കുന്ന
തറവാട് ചാരിറ്റബിൾ സൊസൈറ്റിയുടേയും
കലാപഠനകേന്ദ്രത്തിന്റെയും 8-ാമത് വാർഷികം
2016 ഒക്ടോബർ 8,9,10 (ശനി, ഞായർ, തിങ്കൾ) തീയതികളിൽ
കോലിയക്കോട് ഗവ: യു.പി.എസ്. ആഡിറ്റോറിയത്തിൽ വച്ച് നടത്തുന്നു.
എല്ലാ നാട്ടുകാരുടേയും സഹായ സഹകരണങ്ങൾ
ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

എ.സി. ദിവാകരൻ നായർ
പ്രസിഡന്റ്

വി. സന്തോഷ്
സെക്രട്ടറി

കാര്യപരിപാടികൾ

ഒന്നാം ദിവസം

2016 ഒക്ടോബർ / 08 / ശനി

രാവിലെ 9 മണിക്ക് : പതാക ഉയർത്തൽ

വൈകു: 6 മണിക്ക് : **സാംസ്കാരിക സമ്മേളനം**

പങ്കെടുക്കുന്നവർ.....

ഡോ: എൻ. കെ. ജയകുമാർ
ശ്രീമതി കെ.എസ്. ഗീത (ഡയറക്ടർ, രംഗപ്രഭാത്)
ശ്രീ. വിഭു പിരപ്പൻകോട്

രാത്രി 7.00 മുതൽ : കലാപഠനകേന്ദ്രം വിദ്യാർത്ഥികൾ
അവതരിപ്പിക്കുന്ന
നൃത്ത നൃത്യങ്ങൾ

രണ്ടാം ദിവസം

2016 ഒക്ടോബർ / 09 / ഞായർ

വൈകു: 6 മണി മുതൽ :

കഥകളി

കഥ : കർണ്ണശപഥം

പങ്കെടുക്കുന്നവർ

സർവ്വശ്രീ,
സദനം കൃഷ്ണൻകുട്ടി
മാർഗ്ഗി വിജയകുമാർ
കലാമണ്ഡലം ഷണ്മുഖൻ
കലാമണ്ഡലം പാർത്ഥസാരഥി
കലാമണ്ഡലം കാശിനാഥൻ
കലാലയം അർജ്ജുൻ

പാട്ട് കോട്ടക്കൽ മധു
കലാനിലയം രാജീവൻ
കോട്ടക്കൽ സന്തോഷ്

ചെണ്ട കലാമണ്ഡലം കൃഷ്ണദാസ്
കലാമണ്ഡലം ശ്രീകാന്ത് വർമ്മ

മദ്ദളം കലാമണ്ഡലം വേണുക്കുട്ടൻ
കലാമണ്ഡലം അജികൃഷ്ണൻ

ചുട്ടി പുളിമാത്ത് രവികുമാർ

അവതരണം :
വള്ളത്തോൾ സ്മാരക കഥകളിയോഗം
കോലിയക്കോട്

കേരള സർക്കാർ

സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - മാവേലിക്കര ഏ.ആർ. രാജരാജവർമ്മ സ്മാരകം, അമ്പലപ്പുഴ കുഞ്ചൻ നമ്പ്യാർ സ്മാരകം, തിരുവനന്തപുരത്തെ തറവാട് ചാരിറ്റബിൾ സൊസൈറ്റി എന്നീ സ്ഥാപനങ്ങൾക്ക് അനാവർത്തന ഗ്രാന്റിൽ നിന്നും ധനസഹായം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക കാര്യ (എ) വകുപ്പ്

സ.ഉ.(സാധാ)നം.443/2015/സാം.കാ.വ. തീയതി, തിരുവനന്തപുരം, 03.9.2015

പരാമർശം 1) 01/06/199-ലെ സ.ഉ.(എം.എസ്)നം:23/99/സി.എ.ഡി ഉത്തരവ്

2) 7.7.2015 ലെ മാവേലിക്കര ഏ.ആർ. രാജരാജവർമ്മ സ്മാരകം സെക്രട്ടറിയുടെ അപേക്ഷ

3) 27.7.2015 ലെ അമ്പലപ്പുഴ കുഞ്ചൻ നമ്പ്യാർ സ്മാരകം സെക്രട്ടറിയുടെ അപേക്ഷ

4) 19.7.2015 ലെ തറവാട് ചാരിറ്റബിൾ സൊസൈറ്റി സെക്രട്ടറിയുടെ അപേക്ഷ

ഉത്തരവ്

മാവേലിക്കര ഏ.ആർ. രാജരാജവർമ്മ സ്മാരകത്തിന് ത്രിദിന കഥ-നോവൽ സാഹിത്യ ക്യാമ്പ് സംഘടിപ്പിക്കുന്നതിനും, അമ്പലപ്പുഴ കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് സംസ്ഥാനാടിസ്ഥാനത്തിലുള്ള തുള്ളൽ മഹോത്സവം സംഘടിപ്പിക്കുന്നതിനും, തറവാട് ചാരിറ്റബിൾ സൊസൈറ്റിക്ക് വാർഷികാഘോഷങ്ങളുടെ ഭാഗമായി കഥകളി അവതരിപ്പിക്കുന്നതിനും സാമ്പത്തിക സഹായം അനുവദിക്കണമെന്ന് സ്ഥാപനം സെക്രട്ടറിമാർ പരാമർശം അപേക്ഷകൾ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2015-16 വർഷത്തെ 2205-00-102-41 (പ്ലാൻ) ശീർഷകത്തിൽ നിന്നും നിലവിലെ വ്യവസ്ഥകൾക്ക് ഇളവ് നൽകി മാവേലിക്കര ഏ.ആർ.രാജരാജവർമ്മ സ്മാരകത്തിനും, അമ്പലപ്പുഴ കുഞ്ചൻ നമ്പ്യാർ സ്മാരകത്തിനും അനാവർത്തന ഗ്രാന്റായി 50,000/- രൂപാ വീതവും (അമ്പതിനായിരം രൂപാ വീതം മാത്രം) തറവാട് ചാരിറ്റബിൾ സൊസൈറ്റിക്ക് 10,000/- രൂപയും (പതിനായിരം രൂപ മാത്രം) മേൽ പ്രസ്താവിച്ചിരിക്കുന്ന സാംസ്കാരിക പ്രവർത്തനങ്ങൾക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇക കൈപ്പറ്റുന്നതിനാവശ്യമായ ബില്ല് (ഫോം-ടി.ആർ.59 സി) മാവേലിക്കര ഏ.ആർ. രാജരാജവർമ്മ സ്മാരകം, അമ്പലപ്പുഴ കുഞ്ചൻ നമ്പ്യാർ സ്മാരകം, തറവാട് ചാരിറ്റബിൾ സൊസൈറ്റി എന്നീ സ്ഥാപനങ്ങളുടെ സെക്രട്ടറിമർ പ്രത്യേകം തയ്യാറാക്കി സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ മേലൊപ്പ വാങ്ങി ട്രഷറിയിൽ സമർപ്പിക്കേണ്ടതും ധനവിനിയോഗ സർട്ടിഫിക്കറ്റ് മൂന്നു മാസത്തിനകം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രാഗേഷ് ധരണീന്ദ്രൻ
അണ്ടർ സെക്രട്ടറി

സെക്രട്ടറി, ഏ.ആർ. രാജരാജവർമ്മ സ്മാരകം, മാവേലിക്കര-690101
സെക്രട്ടറി, കുഞ്ചൻ നമ്പ്യാർ സ്മാരകം, അമ്പലപ്പുഴ, ആലപ്പുഴ - 688561
സെക്രട്ടറി, തറവാട് ചാരിറ്റബിൾ സൊസൈറ്റി, കോലിയക്കോട്, തിരുവനന്തപുരം 695607
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, മ്യൂസിയം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ/സബ് ട്രഷറി ഓഫീസർ, മാവേലിക്കര/അമ്പലപ്പുഴ/തിരുവനന്തപുരം
ധനകാര്യ (ജി.എം.സി) വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

1969166/2017/OS-CLAD

E-1960072/2017/mrnCo

(10) 12

Secretary-collector
Ernakulam

Tharavadu/Varnjiroth/2017

24.10.17

To

A.K. Balan
Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Cultural and Parliamentary Affairs

ബഹു. സാംസ്കാരിക വകുപ്പ് മന്ത്രി
ഗവണ്മെന്റ് സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

സർ,

വിഷയം: പാരമ്പര്യകലകൾ നിലനിറുത്തുന്നതിന് കലാപരിപാടികൾക്ക് ധനസഹായം അനുവദിക്കുന്നതു സംബന്ധിച്ച്.

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ കോലിയക്കോട് കേന്ദ്രമാക്കി കഴിഞ്ഞ ഏഴ് വർഷമായി കലാസാംസ്കാരിക വിദ്യാഭ്യാസ കാർഷിക ആരോഗ്യ മേഖലകളിൽ സജീവമായ ഇടപെടൽ നടത്തി പ്രവർത്തിക്കുന്ന തറവാട് ചാരിറ്റബിൾ സൊസൈറ്റിയുടെയും കലാപഠന കേന്ദ്രത്തിന്റെയും 9-ാമത് വാർഷികം നവംബർ 10.11.12 തീയതികളിൽ കോലിയക്കോട് ഗവ: യു.പി.എസ് ആഡിറ്റോറിയത്തിൽ വച്ച് നടത്തുന്നു. ഇതിനോടനുബന്ധിച്ച് പാരമ്പര്യ കലാരൂപമായ കഥകളി നടത്തുന്നതിന് 50000/- രൂപ ധനസഹായമായി അനുവദിച്ചു നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി

Near Koliyacodu Consumer Co. op. Society, Koliyacode P.O., Thiruvananthapuram - 695607 Ph : 9447052035

2147311/2018/OS-CLADN

വി.കെ. മധു
പ്രസിഡന്റ്
&
ചെയർമാൻ
ജില്ലാ ആസൂത്രണസമിതി

ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം
ഫോൺ : 0471 - 2449977,2440890
ഫാക്സ് : 0471 - 2557653
ഇമെയിൽ : dptvpm@gmail.com
വെബ് : www.lsgkerala.in/thiruvananthapuram
വസതി : "കാനനച്ചോല"
പാലോട്, പച്ച പി.ഒ, പിൻ : 695 562
ഫോൺ : 0472-2840301
മൊബൈൽ : 9447790301
ഇമെയിൽ : vkmadhupalode@gmail.com

തീയതി : 26/4/17

ബഹു: സാംസ്കാരിക വകുപ്പ് മന്ത്രി

വിഷയം: പാലോട് കാർഷിക സാംസ്കാരിക, കലാമേള സംബന്ധിച്ച്.

ജില്ലയിലെ മലയോര ഗ്രാമമായ പാലോട് കഴിഞ്ഞ 55 വർഷമായി നടന്നു വരുന്ന ഗ്രാമീണ കാർഷിക മേളയാണ് പാലോട് കന്നുകാലിച്ചന്തയും കാർഷിക കലാ സാംസ്കാരിക മേളയും. ഈ പ്രദേശത്തെ കർഷകർ ഉഴവുമാടുകളെയും കുടിമാടുകളെയും വിൽക്കുന്നതിനും വാങ്ങുന്നതിനുമായി ആരംഭിച്ച കന്നുകാലിച്ചന്ത കാലാന്തരത്തിൽ ജനകീയ കാർഷിക സാംസ്കാരിക ടൂറിസം മേളയായി വളർന്നിരിക്കുകയാണ്. പത്തുദിവസക്കാലം നടക്കുന്ന ഈ ഉത്സവത്തിൽ ലക്ഷക്കണക്കിന് ആളുകളാണ് പങ്കെടുക്കുന്നത്. അർഹിക്കുന്ന പരിഗണന നൽകി ഈ പരമ്പരാഗത കാർഷിക മേളക്ക് സാമ്പത്തിക സഹായം അനുവദിക്കണമെന്നും സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളെക്കൊണ്ട് കലാപരിപാടികൾ അനുവദിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണമെന്നും അഭ്യർഥിക്കുന്നു.

വിശ്വസ്തതയോടെ

വി.കെ.മധു

ശ്രീ. എ.കെ.ബാലൻ
ബഹു. സാംസ്കാരിക വകുപ്പ് മന്ത്രി

55 -ാമത്
പാലോട്
മേള
കാർഷിക കലാ വ്യാപാരമേളയും കന്നുകാലി ചന്തയും 2018

പാലോട് പച്ച പി.ഒ തിരുവനന്തപുരം-62
ഫെബ്രുവരി 7 മുതൽ 16 വരെ

വി. എസ്. പ്രമോദ്
ജനറൽ സെക്രട്ടറി
9946445925

എം. ഷിനാസ്ഖാൻ
ചെയർമാൻ
8846818909

ഇ. ജോൺകുട്ടി
ട്രഷറർ
9495122399

തീയതി: 26/12/17

ബഹു: സാംസ്കാരിക മന്ത്രി എ.കെ.ബാലൻ അവർകൾക്ക്

വിഷയം: തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ പാലോട് 55-ാം വർഷത്തിലേക്ക് കടക്കുന്ന കാർഷിക മേള സംബന്ധിച്ച്

സർ,
തെക്കൻ കേരളത്തിലെ ഏറ്റവും പഴക്കമുള്ള കാർഷികോത്സവമായ പാലോട് കന്നുകാലിച്ചന്തയും കാർഷിക കലാ വ്യാപാര മേളയും വിനോദസഞ്ചാര വാരാഘോഷവും ഈ വർഷം 55-ാം വയസിലേക്ക് കടക്കുകയാണ്. പതിവുപോലെ ഈ വർഷവും ഫെബ്രുവരി ഏഴ് മുതൽ 16 വരെയാണ് മേള നടക്കുന്നത്. ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുന്ന ഈ കാർഷിക സാംസ്കാരിക, കലാ, വ്യാപാര മേള ടൂറിസം വകുപ്പിന്റെ കലണ്ടറിൽ ഇടംപിടിച്ചിട്ടുള്ള ഒരു ഉത്സവമാണ്. ഈ മേളയുടെ വിശദമായ പദ്ധതി റിപ്പോർട്ട് ഇതോടൊപ്പം സമർപ്പിക്കുന്നു. അരനൂറ്റാണ്ടിലധികക്കാലം പിന്നിട്ട ഈ മേളയുടെ കൂടുതൽ വിജയകരമായ നടത്തിപ്പിന് ആവശ്യമായ സാമ്പത്തിക സഹായം അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

നമ്മുടെ ജില്ലയിൽതന്നെ അടുത്തിടെ ആരംഭിച്ച പല ഉത്സവങ്ങൾക്കും സർക്കാരിന്റെ സാമ്പത്തിക സഹായം അനുവദിച്ചതായി അറിയുന്നു. ആയതിനാൽ പരമ്പരാഗതമായി നടക്കുന്ന ഈ കാർഷികോത്സവം സംഘടിപ്പിക്കുന്നതിനും അങ്ങയുടെ വകുപ്പിൽനിന്നും സാമ്പത്തിക സഹായവും മറ്റു സഹായങ്ങളും അനുവദിക്കണമെന്ന് ആവശ്യമായ തീരുമാനമെടുക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

ചെയർമാൻ

ജനറൽ സെക്രട്ടറി

കന്നുകാലിച്ചന്തയും
കാർഷിക കലാ വ്യാപാര മേളയും
വിനോദസഞ്ചാര വാരാഘോഷവും

ആമുഖം

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ പാലോട്, പെരിങ്ങമ്മല, പാങ്ങോട് വില്ലേജുകളിൽ ഉൾപ്പെടുന്ന പാലോട് ജങ്ഷൻ കേന്ദ്രീകരിച്ച് 1963ലാണ് പാലോട് മേള എന്ന് അറിയപ്പെടുന്ന കന്നുകാലിച്ചന്തയും കാർഷിക കലാ വ്യാപാര മേളയും വിനോദസഞ്ചാര വാരാഘോഷവും ആരംഭിച്ചത്. കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും കാർഷികോപകരണങ്ങളും കന്നുകാലികളികളെയും വാങ്ങുന്നതിനുമായി പണ്ടുകാലത്ത് കാളച്ചന്ത എന്നപേരിൽ ആരംഭിച്ച കർഷക ചന്തയാണ് അരനൂറ്റാണ്ടിലേറെക്കാലം പിന്നിട്ട് പാലോടിന്റെ ദേശീയ മഹോത്സവമായി മാറിയത്. എല്ലാ വർഷവും ഫെബ്രുവരി ഏഴ് മുതൽ ആരംഭിച്ച് 10 ദിവസം നീളുന്ന തെക്കൻ കേരളത്തിലെ ഏറ്റവും വലിയ കാർഷിക മഹോത്സവത്തിലേക്ക് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽനിന്നും ആയിരക്കണക്കിന് ആളുകളാണ് എത്തിച്ചേരുന്നത്. ഈ പരമ്പരാഗത കാർഷികോത്സവത്തെക്കുറിച്ച് കേട്ടറിഞ്ഞ് വിദേശികൾപോലും ഇവിടെ എത്തുന്നു. മറ്റിതര ജില്ലകളിൽനിന്നുപോലും ആളുകൾ എത്തുന്നതുകൊണ്ടുതന്നെ പ്രതിദിനം അൻപതിനായിത്തോളം ആളുകൾ ഈ കന്നുകാലിച്ചന്ത സന്ദർശിക്കുന്നുണ്ടെന്നാണ് ഏകദേശ കണക്ക്. കാർഷിക സംസ്കാരത്തിന്റെ പൈതൃകവും കാർഷികവൃത്തിയുടെ നൻമയും സമൃദ്ധിയും വിളിച്ചറിയിക്കുന്ന ഈ മഹോത്സവം തെക്കൻ കേരളത്തിന്റെ അഭിമാനമായ കാർഷികോത്സവമാണ്.

ലക്ഷ്യങ്ങൾ

1. കാർഷിക സംസ്കാരം പരിപോഷിപ്പിക്കുകയും പുതുതലമുറയെ കൃഷിയുടെ പെരുമയും മഹത്വവും മനസിലാക്കിക്കാനും നമ്മുടെ മഹത്തായ കാർഷിക പാരമ്പര്യവും പൈതൃകവും പരിചയപ്പെടുത്താനും സാഹചര്യമൊരുക്കുക.

2. വിവിധ കലാരൂപങ്ങളുടെ അവതരണത്തിലൂടെ സാംസ്കാരിക വിനിമയം സാധ്യമാക്കുക. നാടൻ കലകളുടെ പ്രചാരണം, സംരക്ഷണം എന്നിവ ഉറപ്പുവരുത്തുക. ആധുനിക കലാസംവിധാനങ്ങൾ ഗ്രാമീണരെ പരിചയപ്പെടുത്തുക.

3. ദേശീയബോധം വളർത്തുക. കൂട്ടായ്മയിലൂടെ മതസൗഹാർദത്തിന്റെയും സാഹോദര്യത്തിന്റെയും സൗഹൃദവലയങ്ങൾ സൃഷ്ടിക്കുക.

4. കൃഷിയോട് താൽപര്യം ജനിപ്പിക്കുക. നാടൻ വിത്തുകൾ, സസ്യജാലങ്ങൾ എന്നിവയുടെ സംരക്ഷണം ഉറപ്പുവരുത്തുക.

5. മെച്ചപ്പെട്ട അക്കാഡമിക സാഹചര്യങ്ങൾ ഗ്രമീണ ജനതക്ക് പരിചയപ്പെടുത്തുന്നതിലേക്കായി അന്താരാഷ്ട്രാ നിലവാരമുള്ള സെമിനാറുകൾ, ചർച്ചകൾ, സംവാദങ്ങൾ, പൊതുയോഗങ്ങൾ, സാഹിത്യ സദസുകൾ എന്നിവ സംഘടിപ്പിക്കുക.

6. ഗ്രാമീണ പരമ്പരാഗത കാർഷിക അറിവുകൾ പങ്കുവയ്ക്കുന്നതിലൂടെ കന്നുകാലിച്ചന്തയും കാർഷിക കലാ വ്യാപാരമേളയും ഒരു ഗ്രാമീണ കാർഷിക സർവകലാശാലയായി പ്രവർത്തിക്കുക.

7. ആധുനിക സാങ്കേതികവിദ്യകളും ലോകത്തിന്റെ മാറ്റങ്ങളും ഗ്രാമീണ ജനതക്ക് പരിചയപ്പെടുത്തുവാനും ഉപയോഗയോഗ്യമാക്കാനും സഹായകരമായ രീതിയിൽ പ്രവർത്തിക്കുക.

8. പരിസ്ഥിതിയുടെ സംരക്ഷണം ഉറപ്പുവരുത്തുവാനും പുതുതലമുറയ്ക്ക്

പരിസ്ഥിതിയോട് സ്നേഹവും താൽപര്യവും ഉണ്ടാക്കുവാനും പ്രചോദനമാകുക.

9. പശ്ചിമഘട്ടത്തിന്റെ കാർഷിക സംസ്കാരവും ജീവിത രീതികളും നിലനിർത്തുവാനും മലായോര മേഖലയിലെ ആദിവാസികളുടെ ഉൾപ്പെടെയുള്ള പൈതൃക സംരക്ഷണം ഉറപ്പുവരുത്തുവാനും സുസ്ഥിര വികസനത്തിനായി മുന്നോട്ട് പോകുവാനുമുള്ള പ്രവർത്തനങ്ങൾക്കു കാരണമാകുക.

പ്രവർത്തനം

പെരിങ്ങമ്മല, നന്ദിയോട് പഞ്ചായത്തുകളിലെ പൊതുപ്രവർ, രാഷ്ട്രീയ പാർട്ടിയിലെ പ്രതിനിധികൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ തുടങ്ങി സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക രംഗത്തെ പ്രമുഖരെയെല്ലാം ഉൾപ്പെടുത്തി വിളിക്കുന്ന പൊതുയോഗത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന സമിതിയാണ് കന്നുകാലിച്ചന്തയും കാർഷിക കലാ വ്യാപാര മേളയും വിനോദസഞ്ചാര വാരാഘോഷത്തിന്റെയും സംഘാടനം നിർവഹിക്കുന്നത്. ചെയർമാൻ, ജനറൽ സെക്രട്ടറി, ട്രഷറർ, കൺവീനർമാർ, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നതാണ് സംഘാടക സമിതി. ഈ സമിതിക്ക് മാർഗനിർദേശം നൽകുന്നതിലേക്കായി പരിചയസമ്പന്നരും പക്വമതികളുമായ പൊതുപ്രവർത്തകരുടെ ഒരു രക്ഷാധികാരി കമ്മറ്റി ഉണ്ടായിരിക്കുകയും എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുവാൻ മുഖ്യ രക്ഷാധികാരിയായി ഒരു പൗരപ്രമുഖനെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

പ്രതീക്ഷിക്കുന്ന ചെലവുകൾ

കാർഷിക ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനുള്ള സ്റ്റാളുകളുടെ നിർമാണം	150 X 10,000 =	150,0000
കാർഷിക പവലിയൻ ഒരുക്കുന്നത്		200,000
സെമിനാറുകൾ	10 X 5000=	500,000
കന്നുകാലികളുടെ പ്രദർശനം		500,000
കലാരൂപങ്ങളുടെ അവതരണം	10 X 50000=	500,000
സാംസ്കാരിക സമ്മേളനങ്ങളും സംവാദങ്ങളും ചർച്ചകളും	10 X 20000=	200,000
പശ്ചാത്തല സൗകര്യങ്ങൾ ശബ്ദവും ദീപവിദാനവും		600,000
ജലസേചനം		100,000
വൈദ്യുതി		100,000
പ്രാഥമികകൃത്യങ്ങൾക്കുള്ള സൗകര്യം		50,000
അവാർഡുകൾ, ഉപഹാരങ്ങൾ, സഹായധനം		200,000
സമ്മേളന വേദികളുടെ നിർമാണം		300,000
നാടൻ കലാരൂപങ്ങൾ 10 ദിവസക്കാലവും അവതരിപ്പിക്കുന്നതിന്		
കലാപരിപാടികൾക്കുള്ള ചെലവ്	10 X 50,000=	500,000
വേദി ഒരുക്കുന്നതിന്		150,000
ശബ്ദവും വെളിച്ചവും	10 X 15,000=	150,000
ആകെ ചെലവ്		55,50,000

വരവ്

കർഷകരും പൊതുജനങ്ങളും നൽകുന്ന സംഭാവനയിൽനിന്നും കാർഷിക ഉൽപ്പനങ്ങളുടെ വിപണനങ്ങളിൽ നിന്നും പരമാവധി പ്രതീക്ഷിക്കുന്നത് 200,000 (ഇരുപത് ലക്ഷം) രൂപയാണ്.

ബാക്കിവരുന്ന തുകയായ 24,50,000 (ഇരുപത്തിനാല് ലക്ഷത്തി അൻപതിനായിരം) രൂപ ഈ പ്രവർത്തനങ്ങൾക്കായി നൽകണമെന്ന് അഭ്യർഥിക്കുന്നു.

കാളച്ചന്തയെന്ന പാലോട് കന്നുകാലിച്ചന്തയും കാർഷിക കലാ വ്യാപാര മേളയും

കൃഷി ജീവനും ജീവിതവുമാക്കിയിരുന്ന ഒരു ജനത, പാലോടെന്ന മലയോര ഗ്രാമത്തിനു സ്വന്തമായിരുന്നു. അവന്റെ ജീവനോപാധി കൃഷി മാത്രമായിരുന്നപ്പോൾ അതിനുള്ള ആവശ്യങ്ങൾ നിറവേറ്റപ്പെടാനുള്ള ഒരു ഘടകമായി ഉരുത്തിരിഞ്ഞതാണ് ഒരു കാർഷികോത്സവമെന്ന ആശയം. ഒരാണ്ടത്തെ കാർഷിക വൃത്തിക്കിടെ, ഉഴാനും മരമടിക്കാനും വളർത്താനുമായി മാടുകളെ വാങ്ങാനും വിൽക്കാനും താൻ ചോരനീരാക്കി മണ്ണിൽ പണിയെടുത്ത് വിളയിച്ചെടുത്ത കാർഷികോൽപന്നങ്ങൾ വിൽക്കാനും കാർഷികോപകരണങ്ങൾ വാങ്ങാനുമായി കാളച്ചന്ത എന്ന പേരിലാണ് ഈ ഉത്സവത്തിനു അൻപത്തിയഞ്ച് വർഷം മുമ്പ് തുടക്കമായത്. പാണ്ടിമാടുകളേയും കിഴക്കൻ മാടുകളേയും കുടിമാടുകളേയും വിൽക്കാനും വാങ്ങാനുമായി തുടങ്ങിയ ചന്ത അരനൂറ്റാണ്ടിനിപ്പുറമെത്തുമ്പോൾ ഏറെ പരിണാമങ്ങൾക്ക് വിധേയമായി ഇന്നു കാണുന്ന കാർഷിക കലാ വ്യാപാര മേളയും കന്നുകാലിച്ചന്തയും വിനോദസഞ്ചാര വാരാഘോഷവുമെന്ന നിലയിൽ എത്തിയിരിക്കുന്നു.

ഏതൊരു ഉത്സവവും ആ നാടിന്റെ സംസ്കാരത്തിന്റെ ഭാഗമാണെന്നത് യാഥാർഥ്യമാണ്. അതുകൊണ്ടുതന്നെ കാളച്ചന്ത പാലോടെന്ന ഗ്രാമത്തിന്റെ സംസ്കാരത്തിന്റെ പ്രതിഫലനമാണ്. പാലോട് കാളച്ചന്തയുടെ ചരിത്രമെന്നാൽ പാലോടെന്ന ഗ്രാമത്തിന്റേയും ജനജീവിതത്തിന്റേയും ചരിത്രമാണ്. കൃഷി മാത്രം സ്വപ്നംകണ്ടുകൊണ്ട് ഉറങ്ങുകയും ഉണരുകയും ചെയ്തിരുന്ന ഒരു സമൂഹത്തിന്റെ ആവശ്യകതയാണ് കാളച്ചന്തയെന്ന യാഥാർഥ്യത്തിലേക്ക് ഈ നാട്ടിലെ കർഷകരെ എത്തിച്ചത്. ഇന്ന് പെരിങ്ങമ്മല, നന്ദിയോട്, പാങ്ങോട്, ചിതറ, വിതുര മേഖലകളായി വിഭജിക്കപ്പെട്ടിരിക്കുന്ന ഒരു വൻ വിസ്തൃതമായ മേഖലയിലെ കർഷകർക്കാണ് പണ്ടുകാലത്തെ കന്നുകാലിച്ചന്തകൊണ്ടുള്ള പ്രയോജനമുണ്ടായത്. കൊയത്തുകഴിഞ്ഞ്, പാടമൊഴിയുന്ന ഇടവേളയിലാണ് കൃത്യമായി കാളച്ചന്ത നടത്താൻ ആരംഭിച്ചത്. അങ്ങനെ ഫെബ്രുവരി 7, 8, 9 തീയതികൾ പാലോട് കാളച്ചന്തയുടെ ദിവസങ്ങളായി മാറി. ഇത് പിന്നീട് വളർന്ന് പ്രതീക്ഷയുടെ ദിനങ്ങളായാണ് മാറിയത്. ഫെബ്രുവരിയിലെ ഈ തീയതികളിൽ ഇന്നാട്ടുകാർ മാത്രമല്ല, ഈ മേഖലയാകെ കാളച്ചന്തയെന്ന കന്നുകാലിച്ചന്തയുടേയും കാർഷിക കലാ വ്യാപാര മേളയുടേയും കാത്തിരിപ്പുകാരായി മാറി.

കന്നുകാലികളുടെ വാങ്ങലും വിൽക്കലും എന്നതിൽനിന്നും ഇന്ന് ഇതൊരു

വൻ വ്യാപാര മേളയായി മാറിയിരിക്കുന്നു. കാർഷിക ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിൽപ്പന്നക്കുമായി കർഷകർക്ക് എത്തിച്ചേരാനുള്ള വേദിയായി മാറിയിരിക്കുന്നു. ഇതിനൊപ്പം വിവിധങ്ങളായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വിജ്ഞാനപ്രദമായ ദേശീയ നിലവാരത്തിലുള്ള സെമിനാറുകൾ, അനുകാലികമായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന വിവിധ സമ്മേളനങ്ങൾ, സംവാദങ്ങൾ പ്രാദേശിക കലാകാരൻമാരുടെ വിവിധ കലാപരിപാടികൾ, സംസ്ഥാനത്തെ പ്രമുഖ പ്രൊഫഷണൽ, അമച്വർ സംഘങ്ങളുടെ കലാപരിപാടികൾ എന്നിവയ്ക്കു പുറമേ കായിക മേഖലയ്ക്കും വൻ പ്രാധാന്യമാണ് പാലോട് മേള നൽകുന്നത്. ജനുവരി മാസത്തിൽതന്നെ ആരംഭിക്കുന്ന കായിക മത്സരങ്ങളിൽ പ്രത്യേകിച്ച് വോളിബോൾ, ക്രിക്കറ്റ്, കബഡി, വടംവലി മത്സരങ്ങളിൽ ദേശീയ നിലവാരത്തിലുള്ള താരങ്ങളാണ് പങ്കെടുക്കുന്നത് എന്നത് ഇതിന്റെ പ്രാധാന്യമാണ് വിളിച്ചോതുന്നത്.

ആയിരക്കണക്കിന് ആളുകളാണ് പത്തുദിവസക്കാലമായി നടത്തുന്ന പാലോട് മേളയിൽ എത്തിച്ചേരുന്നത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽനിന്നുള്ളവരുടെ വൻ പ്രാതിനിധ്യമാണ് അൻപതാണ്ടിലേറെക്കാലമായി ഈ മേളയെ ശക്തമായി മുന്നോട്ട് നയിക്കുന്നത്. കാർഷിക സംസ്കൃതിക്ക് ജനപിന്തുണയുടെ കരുത്തുകൂടി ലഭിച്ചതാണ് കാളച്ചന്തയെന്ന പാലോട് കാർഷിക കലാ വ്യാപാര മേളയുടേയും കന്നുകാലിച്ചന്തയുടേയും വിനോദസഞ്ചാര വാരാഘോഷത്തിന്റേയും കരുത്ത്.

4217054/2020/OS-CLAD E-4207325/2020/MIN (SCDD)

വി. കെ. മധു
പ്രസിഡന്റ്
&
ചെയർമാൻ
ജില്ലാ ആസൂത്രണസമിതി

ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം
ഫോൺ : 0471-2449977, 2440890
ഫാക്സ് : 0471 2557653
ഇ-മെയിൽ : dptvpm@gmail.com
വെബ് : www.lsgkerala.in/thiruvananthapuram
വസതി : "കാനനച്ചോല"
പാലോട്, പച്ച പി.ഒ., പിൻ-695 562
മൊബൈൽ : 9447790301
ഇ-മെയിൽ : vkmadhupalode@gmail.com

A.K. BALAN
Minister for Welfare of Scheduled Castes, Backward Classes, Law, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs

dp/008/2020. തീയതി 29.01.2020

31 JAN 2020

04 FEB 2020

ബഹു: സാംസ്കാരിക വകുപ്പ് മന്ത്രിയ്ക്ക്,

വിഷയം: തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ പാലോട് 57ാം വർഷത്തിലേക്ക് കടക്കുന്ന കാർഷിക സാംസ്കാരിക മേള-സംബന്ധിച്ച്

സർ,

തെക്കൻ കേരളത്തിലെ ഏറ്റവും പഴക്കമുള്ള കാർഷിക ഉത്സവമായ പാലോട് കന്നുകാലിച്ചന്തയും കാർഷിക കലാ സാംസ്കാരിക മേളയും വിനോദസഞ്ചാര വാരാഘോഷവും ഈ വർഷം 57ാം വയസിലേക്ക് കടക്കുകയാണ്. പതിവുപോലെ ഈ വർഷവും ഫെബ്രുവരി ഏഴ് മുതൽ 16 വരെയുള്ള കാലയളവിൽ തന്നെയാണ് പാലോട് മേളയെന്നറിയപ്പെടുന്ന ഈ കാർഷിക ഉത്സവം സംഘടിപ്പിക്കുന്നത്.

ഉഴവുമാടുകളെ വിൽക്കുന്നതിനും വാങ്ങുന്നതിനുമായി ആരംഭിച്ച പാലോട് മേള ഇന്ന് വളർന്ന് ദൈനംദിനം ലക്ഷക്കണക്കിന് ആളുകൾ പങ്കാളികളാകുന്ന ഈ പ്രദേശത്തിന്റെ ദേശീയ ഉത്സവമായി മാറിയിരിക്കുകയാണ്. ജാതി, മത, വർഗ, രാഷ്ട്രീയ വ്യത്യാസമില്ലാതെ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുന്ന ഈ കാർഷിക, സാംസ്കാരിക, കലാ, വ്യാപാര മേള ടൂറിസം വകുപ്പിന്റെ കലണ്ടറിൽ ഇടംനേടിയിട്ടുള്ള ഒരു ഉത്സവമാണ്. ഈ ഉത്സവത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ടും അനുബന്ധമായി ചേർക്കുന്നു. അഞ്ചര പതിറ്റാണ്ടു പിന്നിട്ട ഈ കാർഷിക ഉത്സവത്തിന്റെ കൂടുതൽ വിജയകരമായ നടത്തിപ്പിന് ആവശ്യമായ സാമ്പത്തിക സഹായം അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു. കഴിഞ്ഞ വർഷം സാംസ്കാരിക വകുപ്പ് ഈ ഉത്സവത്തിന്റെ നടത്തിപ്പിനായി രണ്ടു ലക്ഷം രൂപ അനുവദിച്ചുതന്ന കാര്യം നന്ദിയോടെ ഈ അവസരത്തിൽ സ്മരിക്കുന്നു. കർഷക പാരമ്പര്യത്തിന്റെ ചിരകാല സ്മരണകളുണർത്തുന്ന ഈ ആഘോഷം ഇത്തവണയും മികവോടെ സംഘടിപ്പിക്കുന്നതിന് അങ്ങയുടെ വകുപ്പിൽനിന്നും ഇത്തവണയും സാമ്പത്തിക സഹായം അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

വി.കെ. മധു.

ശ്രീ. എ.കെ.ബാലൻ
ബഹു: സാംസ്കാരിക വകുപ്പ് മന്ത്രി

4217054/2020/OS-CLAD

57th
PALODE MELA
2020
Traditional Agricultural Tourism & Cultural Fest

Palode, Pacha P.O. TVM-62
FEBRUARY 7 to 16

M.SHIRAS KHAN
Chairman
9846818909

E.JOHNKUTTY
General Secretary
9495122399

V.S.PRAMOD
Treasurer
9946445925

Date: 28-01-2020

ബഹു: സാംസ്കാരികവകുപ്പ് മന്ത്രി ശ്രീ. എ.കെ ബാലൻ അവർകൾക്ക്

വിഷയം: പാലോട് കാർഷിക സാംസ്കാരിക മേള സംബന്ധിച്ച്

സർ,

പാലോട് കാർഷിക കലാ വ്യാപാര മേളയും കന്നുകാലിച്ചന്തയും 2020 ഫെബ്രുവരി 7 മുതൽ 16 വരെ സംഘടിപ്പിക്കുകയാണ്. 57-ാമത് മേളയോടനുബന്ധിച്ച് മുൻ വർഷങ്ങളിലേതുപോലെ കാർഷിക പ്രദർശനങ്ങൾ, പ്രദർശന വിപണന സ്റ്റാളുകൾ, സെമിനാറുകൾ, വിവിധ സമ്മേളനങ്ങൾ, കലാപരിപാടികൾ, അമ്യൂസ്മെന്റ് പാർക്ക്, ഫുഡ്ഫെസ്റ്റ്, മോട്ടോർ എക്സ്പോ തുടങ്ങി വൈവിധ്യവും ശ്രദ്ധേയവുമായ പലവിധമായ പരിപാടികളും സംഘടിപ്പിക്കുകയാണ്.

ഒരു ഉത്സവമെന്നതിനപ്പുറം ഈ പ്രദേശത്തെ കലാ, കായിക രംഗത്തെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികളും മേളയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. ഇത്തവണത്തെ മേളയോടനുബന്ധിച്ചുള്ള ജില്ലാതല സെവൻസ് ഫുട്ബോൾ ടൂർണമെന്റ് ജനുവരി 20നുതന്നെ ആരംഭിച്ചിരുന്നു. ജനുവരി 27ന് ക്രിക്കറ്റ് ടൂർണമെന്റും ജില്ലാതലത്തിലുള്ള ടീമുകളെ പങ്കെടുപ്പിച്ച് മികച്ച രീതിയിൽ സംഘടിപ്പിച്ചു വരികയാണ്. ഷട്ടിൽ, കബഡി, വോളിബോൾ ടൂർണമെന്റുകളും വടംവലി മത്സരവും സംസ്ഥാനത്തെതന്നെ മികച്ച കളിക്കാരെ പങ്കാളികളാക്കി വളരെ വിപുലമായ രീതിയിലാണ് ഇത്തവണയും സംഘടിപ്പിക്കുന്നത്.

കൂടാതെ ആനുകാലിക പ്രസക്തമായ വിഷയങ്ങൾ കൈകാര്യം ചെയ്തുകൊണ്ടാണ് സമ്മേളനങ്ങളും സംവാദങ്ങളും വിജ്ഞാനപ്രദമായ സെമിനാറുകൾ എന്നിവ പ്രമുഖരും പ്രശസ്തരുമായ വ്യക്തികളെ പങ്കെടുപ്പിച്ച് നടത്തുന്നത്. ജില്ലയിലെ പ്രധാനപ്പെട്ട സർക്കാർ, സ്വകാര്യ ആശുപത്രികളെ പങ്കാളികളാക്കി ജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ നിരവധി മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നു.

കൃഷി ജീവനും ജീവിതവുമായിരുന്ന ആ പഴയ കാലഘട്ടത്തിൽ കാർഷിക ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും വാങ്ങുന്നതിനും ഉഴവുമാടുകളെ കൈമാറ്റം ചെയ്യുന്നതിനുമായി ആരംഭിച്ച പഴയ കന്നുകാലിച്ചന്ത കാലത്തിനൊപ്പം മാറ്റം സംഭവിച്ച് ഇന്ന് ദൈനംദിനം ലക്ഷക്കണക്കിന് ആളുകൾ പങ്കാളികളാകുന്ന ഈ പ്രദേശത്തിന്റെ ദേശീയ ഉത്സവമായി മാറിയിരിക്കുകയാണ്.

ചെലവുകൾ വർധിച്ചതും ഫണ്ടുകളുടെ അഭാവവും മേളയുടെ മികച്ച രീതിയിലുള്ള നടത്തിപ്പിന് വിഘാതമാകുന്നുണ്ട്. പ്രൗഢോജ്വലമായൊരു കാർഷിക കാലഘട്ടത്തിന്റെ സമരണകളുണർത്തുന്ന ഈ ഉത്സവം തുടർന്നു പോകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. പാലോട് മേളയുടെ നടത്തിപ്പിനായി 2018ൽ സാംസ്കാരികവകുപ്പ് 2,00,000.00 രൂപയുടെ സാമ്പത്തിക സഹായം അനുവദിച്ചിരുന്നു. ആയതിനാൽ, മുൻ വർഷത്തേതിൽ കുറയാതൊരു സാമ്പത്തിക സഹായം ഇത്തവണയും ഉണ്ടാകണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു

വിശ്വസ്തതയോടെ

ചെയർമാൻ
എം.ഷിറാസ്ഖാൻ

ജനറൽ സെക്രട്ടറി
ഇ.ജോൺകുട്ടി

3228248/2019/OS-CLAD

E-3215839/2019/Mനാഗ്രഹം

വി.കെ.മധു
പ്രസിഡന്റ് & ചെയർമാൻ
ജില്ലാ ആസൂത്രണ സമിതി

ജില്ലാപഞ്ചായത്ത്, തിരുവനന്തപുരം
ഫോൺ : 0471 - 2449977, 2440890
ഫാക്സ് : 0471 - 2557653
ഇമെയിൽ : dptvpm@gmail.com
വെബ് : www.lsgkerala.in/thiruvananthapuram
വസതി : 'കാനനച്ചോല'
പാലോട്, പച്ച പി.ഒ, പിൻ-695 562
ഫോൺ : 0472-2840301
മൊബൈൽ : 9447790301
ഇമെയിൽ : vkmadhupalode@gmail.com

DPTVPM/President/008 /2019 -

തീയതി : 22/01/2019

Secy. Scheduled Tribes, Backward Classes, Law, Culture & ... Minister for Welfare of ...
30 JAN 2019

വിഷയം: തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ പാലോട് 56-ാം വർഷത്തിലേക്ക് കടക്കുന്ന കാർഷിക സാംസ്കാരിക മേള സംബന്ധിച്ച്

തെക്കൻ കേരളത്തിലെ ഏറ്റവും പഴക്കമുള്ള കാർഷിക ഉത്സവമായ പാലോട് കന്നുകാലിച്ചന്തയും കാർഷിക കലാ സാംസ്കാരിക മേളയും വിനോദസഞ്ചാര വാരാഘോഷവും ഈ വർഷം 56-ാം വയസിലേക്ക് കടക്കുകയാണ്. പതിവുപോലെ ഈ വർഷവും ഫെബ്രുവരി ഏഴ് മുതൽ 16 വരെയുള്ള കാലയളവിൽ തന്നെയാണ് പാലോട് മേളയെന്നറിയപ്പെടുന്ന ഈ കാർഷിക ഉത്സവം സംഘടിപ്പിക്കുന്നത്.

ഉഴവുമാടുകളെ വിൽക്കുന്നതിനും വാങ്ങുന്നതിനുമായി ആരംഭിച്ച പാലോട് മേള ഇന്ന് വളർന്ന് ദൈനംദിനം ലക്ഷക്കണക്കിന് ആളുകൾ പങ്കാളികളാകുന്ന ഈ പ്രദേശത്തിന്റെ ദേശീയ ഉത്സവമായി മാറിയിരിക്കുകയാണ്. ജാതി, മത, വർഗ, രാഷ്ട്രീയ വ്യത്യാസമില്ലാതെ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുന്ന ഈ കാർഷിക, സാംസ്കാരിക, കലാ, വ്യാപാര മേള ടൂറിസം വകുപ്പിന്റെ കലണ്ടറിൽ ഇടംനേടിയിട്ടുള്ള ഒരു ഉത്സവമാണ്. ഈ ഉത്സവത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ടും അനുബന്ധമായി ചേർക്കുന്നു. അഞ്ചര പതിറ്റാണ്ടു പിന്നിട്ട ഈ കാർഷിക ഉത്സവത്തിന്റെ കൂടുതൽ വിജയകരമായ നടത്തിപ്പിന് ആവശ്യമായ സാമ്പത്തിക സഹായം അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു. കഴിഞ്ഞ വർഷം സാംസ്കാരിക വകുപ്പ് ഈ സാംസ്കാരിക ഉത്സവത്തിന്റെ നടത്തിപ്പിനായി രണ്ടു ലക്ഷം രൂപ അനുവദിച്ചുതന്ന കാര്യം നന്ദിയോടെ ഈ അവസരത്തിൽ സ്മരിക്കുന്നു. ആയതിനാൽ ഒരു കർഷക പാരമ്പര്യത്തിന്റെ ചിരകാല സ്മരണകളുണർത്തുന്ന ഈ ആഘോഷം സംഘടിപ്പിക്കുന്നതിന് അങ്ങയുടെ വകുപ്പിൽ നിന്നും ഇത്തവണയും സാമ്പത്തിക സഹായം അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

വി.കെ മധു

ശ്രീ. എ.കെ. ബാലൻ
ബഹു. നിയമം, സാംസ്കാരികം, പട്ടികജാതി/ പട്ടികവർഗ്ഗ/
പിന്നോക്ക സമുദായ ക്ഷേമവകുപ്പ് മന്ത്രി.

3228248/2019/OS-CLAD

56 -ാമത് പാലോട് മേള 2019
കാർഷിക കലാ-സാംസ്കാരിക മേളയും കന്നുകാലിച്ചന്തയും വിനോദസഞ്ചാര വാരാഘോഷവും

പാലോട് പച്ച പിള തിരുവനന്തപുരം-62
ഫെബ്രുവരി 7 മുതൽ 16 വരെ

എം. പി. വേണുകുമാർ
ചെയർമാൻ
9605935899

വി. എസ്. പ്രമോദ്
ജനറൽ സെക്രട്ടറി
9946445925

ഇ. ജോൺകുട്ടി
ട്രഷറർ
9495122399

തീയതി: 28/01/2019

ബഹു: സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. എ.കെ.ബാലൻ

വിഷയം: പാലോട് കാർഷിക സാംസ്കാരിക മേള സംബന്ധിച്ച്

സർ,

പാലോട് കാർഷിക കലാ വ്യാപാര മേളയും കന്നുകാലിച്ചന്തയും 2019 ഫെബ്രുവരി 7 മുതൽ 16 വരെ സംഘടിപ്പിക്കുകയാണ്. 56-ാമത് മേളയോടനുബന്ധിച്ച് മുൻ വർഷങ്ങളിലേതുപോലെ കാർഷിക പ്രദർശനങ്ങൾ, പ്രദർശന വിപണന സ്റ്റാളുകൾ, സെമിനാറുകൾ, വിവിധ സമ്മേളനങ്ങൾ, കലാപരിപാടികൾ, അമ്യൂസ്മെന്റ് പാർക്ക്, ഫുഡ്ഫെസ്റ്റ്, മോട്ടോർ എക്സ്പോ തുടങ്ങി വൈവിധ്യവും ശ്രദ്ധേയവുമായ പലവിധമായ പരിപാടികളും സംഘടിപ്പിക്കുകയാണ്.

ഒരു ഉത്സവമെന്നതിനപ്പുറം ഈ പ്രദേശത്തെ കലാ, കായിക രംഗത്തെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികളും മേളയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. ഇത്തവണത്തെ മേളയോടനുബന്ധിച്ചുള്ള ജില്ലാതല സെവൻസ് ഫുട്ബോൾ ടൂർണമെന്റ് ജനുവരി 20നുതന്നെ ആരംഭിച്ചിരുന്നു. ജനുവരി 27ന് ക്രിക്കറ്റ് ടൂർണമെന്റും ജില്ലാതലത്തിലുള്ള ടീമുകളെ പങ്കെടുപ്പിച്ച് മികച്ച രീതിയിൽ സംഘടിപ്പിച്ചു വരികയാണ്. ഷട്ടിൽ, കബഡി, വോളിബോൾ ടൂർണമെന്റുകളും വടംവലി മത്സരവും സംസ്ഥാനത്തെതന്നെ മികച്ച കളിക്കാരെ പങ്കാളികളാക്കി വളരെ വിപുലമായ രീതിയിലാണ് ഇത്തവണയും സംഘടിപ്പിക്കുന്നത്.

കൂടാതെ ആനുകാലിക പ്രസക്തമായ വിഷയങ്ങൾ കൈകാര്യം

ചെയ്തുകൊണ്ടാണ് സമ്മേളനങ്ങളും സംവാദങ്ങളും വിജ്ഞാനപ്രദമായ സെമിനാറുകൾ എന്നിവ പ്രമുഖരും പ്രശസ്തരുമായ വ്യക്തികളെ പങ്കെടുപ്പിച്ച് നടത്തുന്നത്. ജില്ലയിലെ പ്രധാനപ്പെട്ട സർക്കാർ, സ്വകാര്യ ആശുപത്രികളെ പങ്കാളികളാക്കി ജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ നിരവധി മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നു.

കൃഷി ജീവനും ജീവിതവുമായിരുന്ന ആ പഴയ കാലഘട്ടത്തിൽ കാർഷിക ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും വാങ്ങുന്നതിനും ഉഴവുമാടുകളെ കൈമാറ്റം ചെയ്യുന്നതിനുമായി ആരംഭിച്ച പഴയ കന്നുകാലിച്ചന്ത കാലത്തിനൊപ്പം മാറ്റം സംഭവിച്ച് ഇന്ന് ദൈനംദിനം ലക്ഷക്കണക്കിന് ആളുകൾ പങ്കാളികളാകുന്ന ഈ പ്രദേശത്തിന്റെ ദേശീയ ഉത്സവമായി മാറിയിരിക്കുകയാണ്.

ചെലവുകൾ വർധിച്ചതും ഫണ്ടുകളുടെ അഭാവവും മേളയുടെ മികച്ച രീതിയിലുള്ള നടത്തിപ്പിന് വിഘാതമാകുന്നുണ്ട്. പ്രൗഢോജ്വലമായൊരു കാർഷിക കാലഘട്ടത്തിന്റെ സമരണകളുണർത്തുന്ന ഈ ഉത്സവം തുടർന്നു പോകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. പാലോട് മേളയുടെ നടത്തിപ്പിനായി കഴിഞ്ഞ വർഷം സാംസ്കാരിക വകുപ്പ് സാമ്പത്തിക സഹായം അനുവദിച്ചിരുന്നു. ആയതിനാൽ, കഴിഞ്ഞ വർഷത്തേതിൽ കുറയാതൊരു സാമ്പത്തിക സഹായം ഇത്തവണയും ഉണ്ടാകണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു

വിശ്വസ്തതയോടെ

ചെയർമാൻ
എം.പി.വേണുകുമാർ

ജനറൽ സെക്രട്ടറി
വി.എസ്.പ്രമോദ്

കന്നുകാലിച്ചന്തയും
കാർഷിക കലാ സാംസ്കാരിക മേളയും
വിനോദസഞ്ചാര വാരാഘോഷവും

ആമുഖം

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ പാലോട്, പെരിങ്ങമ്മല, പാങ്ങോട് വില്ലേജുകളിൽ ഉൾപ്പെടുന്ന പാലോട് ജങ്ഷൻ കേന്ദ്രീകരിച്ച് 1963ലാണ് പാലോട് മേള എന്ന് അറിയപ്പെടുന്ന കന്നുകാലിച്ചന്തയും കാർഷിക കലാ സാംസ്കാരിക മേളയും വിനോദസഞ്ചാര വാരാഘോഷവും ആരംഭിച്ചത്. കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും കാർഷികോപകരണങ്ങളും കന്നുകാലികളികളെയും വാങ്ങുന്നതിനുമായി പണ്ടുകാലത്ത് കാളച്ചന്ത എന്നപേരിൽ ആരംഭിച്ച കർഷക ചന്തയാണ് അരനൂറ്റാണ്ടിലേറെക്കാലം പിന്നിട്ട് പാലോടിന്റെ ദേശീയ മഹോത്സവമായി മാറിയത്. എല്ലാ വർഷവും ഫെബ്രുവരി ഏഴ് മുതൽ ആരംഭിച്ച് 10 ദിവസം നീളുന്ന തെക്കൻ കേരളത്തിലെ ഏറ്റവും വലിയ കാർഷിക മഹോത്സവത്തിലേക്ക് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽനിന്നും ആയിരക്കണക്കിന് ആളുകളാണ് എത്തിച്ചേരുന്നത്. ഈ പരമ്പരാഗത കാർഷികോത്സവത്തെക്കുറിച്ച് കേട്ടറിഞ്ഞ് വിദേശികൾപോലും ഇവിടെ എത്തുന്നു. മറ്റിതര ജില്ലകളിൽനിന്നുപോലും ആളുകൾ എത്തുന്നതുകൊണ്ടുതന്നെ പ്രതിദിനം അൻപതിനായിത്തോളം ആളുകൾ ഈ കന്നുകാലിച്ചന്ത സന്ദർശിക്കുന്നുണ്ടെന്നാണ് ഏകദേശ കണക്ക്. കാർഷിക സംസ്കാരത്തിന്റെ പൈതൃകവും കാർഷികവൃത്തിയുടെ നൻമയും സമൃദ്ധിയും വിളിച്ചറിയിക്കുന്ന ഈ മഹോത്സവം തെക്കൻ കേരളത്തിന്റെ അഭിമാനമായ കാർഷികോത്സവമാണ്.

ലക്ഷ്യങ്ങൾ

1. കാർഷിക സംസ്കാരം പരിപോഷിപ്പിക്കുകയും പുതുതലമുറയെ കൃഷിയുടെ പെരുമയും മഹത്വവും മനസിലാക്കിക്കാനും നമ്മുടെ മഹത്തായ കാർഷിക പാരമ്പര്യവും പൈതൃകവും പരിചയപ്പെടുത്താനും സാഹചര്യമൊരുക്കുക.

2. വിവിധ കലാരൂപങ്ങളുടെ അവതരണത്തിലൂടെ സാംസ്കാരിക വിനിമയം സാധ്യമാക്കുക. നാടൻ കലകളുടെ പ്രചാരണം, സംരക്ഷണം എന്നിവ ഉറപ്പുവരുത്തുക. ആധുനിക കലാസംവിധാനങ്ങൾ ഗ്രാമീണരെ പരിചയപ്പെടുത്തുക.

3. ദേശീയബോധം വളർത്തുക. കൂട്ടായ്മയിലൂടെ മതസൗഹാർദത്തിന്റെയും സാഹോദര്യത്തിന്റെയും സൗഹൃദവലയങ്ങൾ സൃഷ്ടിക്കുക.

4. കൃഷിയോട് താൽപര്യം ജനിപ്പിക്കുക. നാടൻ വിത്തുകൾ, സസ്യജാലങ്ങൾ എന്നിവയുടെ സംരക്ഷണം ഉറപ്പുവരുത്തുക.

5. മെച്ചപ്പെട്ട അക്കാഡമിക സാഹചര്യങ്ങൾ ഗ്രമീണ ജനതക്ക് പരിചയപ്പെടുത്തുന്നതിലേക്കായി അന്താരാഷ്ട്രാ നിലവാരമുള്ള സെമിനാറുകൾ, ചർച്ചകൾ, സംവാദങ്ങൾ, പൊതുയോഗങ്ങൾ, സാഹിത്യ സദസുകൾ എന്നിവ സംഘടിപ്പിക്കുക.

6. ഗ്രാമീണ പരമ്പരാഗത കാർഷിക അറിവുകൾ പങ്കുവയ്ക്കുന്നതിലൂടെ കന്നുകാലിച്ചന്തയും കാർഷിക കലാ വ്യാപാരമേളയും ഒരു ഗ്രാമീണ കാർഷിക സർവകലാശാലയായി പ്രവർത്തിക്കുക.

7. ആധുനിക സാങ്കേതികവിദ്യകളും ലോകത്തിന്റെ മാറ്റങ്ങളും ഗ്രാമീണ ജനതക്ക് പരിചയപ്പെടുത്തുവാനും ഉപയോഗയോഗ്യമാക്കാനും സഹായകരമായ രീതിയിൽ പ്രവർത്തിക്കുക.

8. പരിസ്ഥിതിയുടെ സംരക്ഷണം ഉറപ്പുവരുത്തുവാനും പുതുതലമുറയ്ക്ക് പരിസ്ഥിതിയോട് സ്നോഹവും താൽപര്യവും ഉണ്ടാക്കുവാനും പ്രചോദനമാകുക.

9. പശ്ചിമഘട്ടത്തിന്റെ കാർഷിക സംസ്കാരവും ജീവിത രീതികളും

നിലനിർത്തുവാനും മലായോര മേഖലയിലെ ആദിവാസികളുടെ ഉൾപ്പെടെയുള്ള പൈതൃക സംരക്ഷണം ഉറപ്പുവരുത്തുവാനും സുസ്ഥിര വികസനത്തിനായി മുന്നോട്ട് പോകുവാനുമുള്ള പ്രവർത്തനങ്ങൾക്കു കാരണമാകുക.

പ്രവർത്തനം

പെരിങ്ങമ്മല, നന്ദിയോട് പഞ്ചായത്തുകളിലെ പൊതുപ്രവർ, രാഷ്ട്രീയ പാർട്ടിയിലെ പ്രതിനിധികൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ തുടങ്ങി സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക രംഗത്തെ പ്രമുഖരെയെല്ലാം ഉൾപ്പെടുത്തി വിളിക്കുന്ന പൊതുയോഗത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന സമിതിയാണ് കന്നുകാലിച്ചന്തയും കാർഷിക കലാ വ്യാപാര മേളയും വിനോദസഞ്ചാര വാരാഘോഷത്തിന്റെയും സംഘാടനം നിർവഹിക്കുന്നത്. ചെയർമാൻ, ജനറൽ സെക്രട്ടറി, ട്രഷറർ, കൺവീനർമാർ, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നതാണ് സംഘാടക സമിതി. ഈ സമിതിക്ക് മാർഗനിർദേശം നൽകുന്നതിലേക്കായി പരിചയസമ്പന്നരും പക്വമതികളുമായ പൊതുപ്രവർത്തകരുടെ ഒരു രക്ഷാധികാരി കമ്മറ്റി ഉണ്ടായിരിക്കുകയും എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുവാൻ മുഖ്യ രക്ഷാധികാരിയായി ഒരു പൗരപ്രമുഖനെ തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

പ്രതീക്ഷിക്കുന്ന ചെലവുകൾ

കാർഷിക ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനുള്ള സ്റ്റാളുകളുടെ നിർമാണം	150 X 10,000 =	150,0000
കാർഷിക പവലിയൻ ഒരുക്കുന്നത്		200,000
സെമിനാറുകൾ	10 X 5000=	500,000
കന്നുകാലികളുടെ പ്രദർശനം		500,000
കലാരൂപങ്ങളുടെ അവതരണം	10 X 50000=	500,000
സാംസ്കാരിക സമ്മേളനങ്ങളും സംവാദങ്ങളും ചർച്ചകളും	10 X 20000=	200,000
പശ്ചാത്തല സൗകര്യങ്ങൾ ശബ്ദവും ദീപവിദാനവും		600,000
ജലസേചനം		100,000
വൈദ്യുതി		100,000
പ്രാഥമികകൃത്യങ്ങൾക്കുള്ള സൗകര്യം		50,000
അവാർഡുകൾ, ഉപഹാരങ്ങൾ, സഹായധനം		200,000
സമ്മേളന വേദികളുടെ നിർമാണം		300,000
നാടൻ കലാരൂപങ്ങൾ 10 ദിവസക്കാലവും അവതരിപ്പിക്കുന്നതിന്		
കലാപരിപാടികൾക്കുള്ള ചെലവ്	10 X 50,000=	500,000
വേദി ഒരുക്കുന്നതിന്		150,000
ശബ്ദവും വെളിച്ചവും	10 X 15,000=	150,000
ആകെ ചെലവ്		55,50,000

വരവ്

കർഷകരും പൊതുജനങ്ങളും നൽകുന്ന സംഭാവനയിൽനിന്നും കാർഷിക ഉൽപ്പനങ്ങളുടെ വിപണനങ്ങളിൽ നിന്നും പരമാവധി പ്രതീക്ഷിക്കുന്നത് 200,000 (ഇരുപത് ലക്ഷം) രൂപയാണ്.

ബാക്കിവരുന്ന തുകയായ 35,55,000 (മുപ്പത്തിയഞ്ച് ലക്ഷത്തി അൻപതിനായിരം) രൂപ ഈ പ്രവർത്തനങ്ങൾക്കായി നൽക്കണമെന്ന് അഭ്യർഥിക്കുന്നു.

കാളച്ചന്തയെന്ന പാലോട് കന്നുകാലിച്ചന്തയും കാർഷിക കലാ വ്യാപാര മേളയും

കൃഷി ജീവനും ജീവിതവുമാക്കിയിരുന്ന ഒരു ജനത, പാലോടെന്ന മലയോര ഗ്രാമത്തിനു സ്വന്തമായിരുന്നു. അവന്റെ ജീവനോപാധി കൃഷി മാത്രമായിരുന്നപ്പോൾ അതിനുള്ള ആവശ്യങ്ങൾ നിറവേറ്റപ്പെടാനുള്ള ഒരു ഘടകമായി ഉരുത്തിരിഞ്ഞതാണ് ഒരു കാർഷികോത്സവമെന്ന ആശയം. ഒരാണ്ടത്തെ കാർഷിക വൃത്തിക്കിടെ, ഉഴാനും മരമടിക്കാനും വളർത്താനുമായി മാടുകളെ വാങ്ങാനും വിൽക്കാനും താൻ ചോരനീരാക്കി മണ്ണിൽ പണിയെടുത്ത് വിളയിച്ചെടുത്ത കാർഷികോൽപന്നങ്ങൾ വിൽക്കാനും കാർഷികോപകരണങ്ങൾ വാങ്ങാനുമായി കാളച്ചന്ത എന്ന പേരിലാണ് ഈ ഉത്സവത്തിനു അൻപത്തിയഞ്ച് വർഷം മുമ്പ് തുടക്കമായത്. പാണ്ടിമാടുകളേയും കിഴക്കൻ മാടുകളേയും കുടിമാടുകളേയും വിൽക്കാനും വാങ്ങാനുമായി തുടങ്ങിയ ചന്ത അരനൂറ്റാണ്ടിനിപ്പുറമെത്തുമ്പോൾ ഏറെ പരിണാമങ്ങൾക്ക് വിധേയമായി ഇന്നു കാണുന്ന കാർഷിക കലാ വ്യാപാര മേളയും കന്നുകാലിച്ചന്തയും വിനോദസഞ്ചാര വാരാഘോഷവുമെന്ന നിലയിൽ എത്തിയിരിക്കുന്നു.

ഏതൊരു ഉത്സവവും ആ നാടിന്റെ സംസ്കാരത്തിന്റെ ഭാഗമാണെന്നത് യാഥാർഥ്യമാണ്. അതുകൊണ്ടുതന്നെ കാളച്ചന്ത പാലോടെന്ന ഗ്രാമത്തിന്റെ സംസ്കാരത്തിന്റെ പ്രതിഫലനമാണ്. പാലോട് കാളച്ചന്തയുടെ ചരിത്രമെന്നാൽ പാലോടെന്ന ഗ്രാമത്തിന്റേയും ജനജീവിതത്തിന്റേയും ചരിത്രമാണ്. കൃഷി മാത്രം സ്വപ്നംകണ്ടുകൊണ്ട് ഉറങ്ങുകയും ഉണരുകയും ചെയ്തിരുന്ന ഒരു സമൂഹത്തിന്റെ ആവശ്യകതയാണ് കാളച്ചന്തയെന്ന യാഥാർഥ്യത്തിലേക്ക് ഈ നാട്ടിലെ കർഷകരെ എത്തിച്ചത്. ഇന്ന് പെരിങ്ങമ്മല, നന്ദിയോട്, പാങ്ങോട്, ചിതറ, വിതുര മേഖലകളായി വിഭജിക്കപ്പെട്ടിരിക്കുന്ന ഒരു വൻ വിസ്തൃതമായ മേഖലയിലെ കർഷകർക്കാണ് പണ്ടുകാലത്തെ കന്നുകാലിച്ചന്തകൊണ്ടുള്ള പ്രയോജനമുണ്ടായത്. കൊയത്തുകഴിഞ്ഞ്, പാടമൊഴിയുന്ന ഇടവേളയിലാണ് കൃത്യമായി കാളച്ചന്ത നടത്താൻ ആരംഭിച്ചത്. അങ്ങനെ ഫെബ്രുവരി 7, 8, 9 തീയതികൾ പാലോട് കാളച്ചന്തയുടെ ദിവസങ്ങളായി മാറി. ഇത് പിന്നീട് വളർന്ന് പ്രതീക്ഷയുടെ ദിനങ്ങളായാണ് മാറിയത്. ഫെബ്രുവരിയിലെ ഈ തീയതികളിൽ ഇന്നാട്ടുകാർ മാത്രമല്ല, ഈ മേഖലയാകെ കാളച്ചന്തയെന്ന കന്നുകാലിച്ചന്തയുടേയും കാർഷിക കലാ വ്യാപാര മേളയുടേയും കാത്തിരിപ്പുകാരായി മാറി.

കന്നുകാലികളുടെ വാങ്ങലും വിൽക്കലും എന്നതിൽനിന്നും ഇന്ന് ഇതൊരു വൻ വ്യാപാര മേളയായി മാറിയിരിക്കുന്നു. കാർഷിക

ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിൽപ്പന്നക്കുമായി കർഷകർക്ക് എത്തിച്ചേരാനുള്ള വേദിയായി മാറിയിരിക്കുന്നു. ഇതിനൊപ്പം വിവിധങ്ങളായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന വിജ്ഞാനപ്രദമായ ദേശീയ നിലവാരത്തിലുള്ള സെമിനാറുകൾ, അനുകാലികമായ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന വിവിധ സമ്മേളനങ്ങൾ, സംവാദങ്ങൾ പ്രാദേശിക കലാകാരൻമാരുടെ വിവിധ കലാപരിപാടികൾ, സംസ്ഥാനത്തെ പ്രമുഖ പ്രൊഫഷണൽ, അമച്വർ സംഘങ്ങളുടെ കലാപരിപാടികൾ എന്നിവയ്ക്കു പുറമേ കായിക മേഖലയ്ക്കും വൻ പ്രാധാന്യമാണ് പാലോട് മേള നൽകുന്നത്. ജനുവരി മാസത്തിൽതന്നെ ആരംഭിക്കുന്ന കായിക മത്സരങ്ങളിൽ പ്രത്യേകിച്ച് വോളിബോൾ, ക്രിക്കറ്റ്, കബഡി, വടംവലി മത്സരങ്ങളിൽ ദേശീയ നിലവാരത്തിലുള്ള താരങ്ങളാണ് പങ്കെടുക്കുന്നത് എന്നത് ഇതിന്റെ പ്രാധാന്യമാണ് വിളിച്ചോതുന്നത്.

ആയിരക്കണക്കിന് ആളുകളാണ് പത്തുദിവസക്കാലമായി നടത്തുന്ന പാലോട് മേളയിൽ എത്തിച്ചേരുന്നത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽനിന്നുള്ളവരുടെ വൻ പ്രാതിനിധ്യമാണ് അൻപതാണ്ടിലേറെക്കാലമായി ഈ മേളയെ ശക്തമായി മുന്നോട്ട് നയിക്കുന്നത്. കാർഷിക സംസ്കൃതിക്ക് ജനപിന്തുണയുടെ കരുത്തുകൂടി ലഭിച്ചതാണ് കാളച്ചന്തയെന്ന പാലോട് കാർഷിക കലാ വ്യാപാര മേളയുടേയും കന്നുകാലിച്ചന്തയുടേയും വിനോദസഞ്ചാര വാരാഘോഷത്തിന്റേയും കരുത്ത്.

(4)

1159420/2017/OS-CLAD

NO 54/VIP M(SC/ST,BC,Law&C)2017

അഡ്വ. ഡി. കെ. മുരളി
(വാമനപുരം)
മെമ്പർ
കേരള നിയമസഭ
'ശ്രീ' വീട്
ആറ്റിങ്ങൽ റോഡ്
വെഞ്ഞാറമൂട്
തിരുവനന്തപുരം-695 607

ഫോൺ :
വസതി : 0472-2872931
ഓഫീസ് : 0471-2512199
മൊബൈൽ : 9447428205
പമ്പ ബ്ലോക്ക്, നമ്പർ 16, 17,
എം. എൽ. എ. ഹോസ്റ്റൽ,
തിരുവനന്തപുരം

സ്ഥലം.....

തീയതി.....

തിരുവനന്തപുരം,

11.01.2017

സ . എ. കെ. ബാലൻ,
ബഹു. സാംസ്കാരിക വകുപ്പുമന്ത്രി

A. K. BALAN
Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs

പ്രിയപ്പെട്ട സർ,

എന്റെ നിയോജക മണ്ഡലത്തിലെ പാങ്ങോട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കുട്ടികളുടെ നാടകവേദിയും കലാസമിതിയുമാണ് "തിരുവനന്തപുരം സർഗ്ഗചലന കലാസമിതി & കുട്ടികളുടെ നാടകവേദി " .

മതനിരപേക്ഷത, മാലിന്യ നിർമ്മാർജ്ജനം, കാർഷികസംസ്കാരം എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് "ഹരിതകേരളം പദ്ധതി"ക്കു കൂടി പ്രയോജനകരമാകും വിധത്തിൽ ഒരു നാടകം കേരളത്തിലുടനീളം അവതരിപ്പിക്കുന്നതിനായുള്ള ടി സമിതിയുടെ പ്രോജക്ട് ഇതോടൊപ്പം സമർപ്പിക്കുന്നു.

ടി പ്രോജക്ട് അംഗീകരിച്ച് ആവശ്യമായ സാമ്പത്തിക സഹായം അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

അഡ്വ. ഡി. കെ. മുരളി

1159420 സർഗ്ഗചലന കലാസമിതി & കുട്ടികളുടെ നാടകവേദി
രജി. നമ്പർ 363/2011
തിരുവനന്തപുരം, കല്ലറ, പാങ്ങോട്.പി.ഒ 695609
ഫോൺ : 9946595251

സ്വീകർത്താവ്

ബഹു : സാംസ്കാരിക വകുപ്പ് മന്ത്രി
കേരള സർക്കാർ

വിഷയം : കേരളത്തിലെ പഞ്ചായത്തുകളിലുടനീളം സാംസ്കാരിക സന്ദേശമുണർത്തുന്ന ഒരു നാടകം അവതരിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭിക്കുന്നത് സംബന്ധിച്ച്

സർ,

മതനിരപേക്ഷത, കാർഷികസംസ്കാരം, മാലിന്യനിർമ്മാജനം, ഈ വിഷയങ്ങൾ സമന്വയിപ്പിച്ച് നാൽപത്തിയഞ്ച് മിനിറ്റ് ദൈർഘ്യമുള്ള ഒരു നാടകം അഞ്ച് മിനിട്ട് ദൈർഘ്യമുള്ള ഒരു നാടൻ പാട്ടും അതിന്റെ ദൃശ്യാവിഷ്കാരവും രൂപപ്പെടുത്തി അവതരിപ്പിക്കാൻ സർഗ്ഗ ചലന കലാസമിതി ആഗ്രഹിക്കുന്നു.

കഴിഞ്ഞ ആറുവർഷത്തിലധികമായി കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള സാംസ്കാരിക വേദികളിലും തെരുവുകളിലും, സാമൂഹിക പ്രസക്തിയുള്ളതും, മാധ്യമശ്രദ്ധ ആകർഷിച്ചതുമായ നിരവധി നാടകങ്ങൾ അവതരിപ്പിക്കാൻ ടി കലാ സമിതിയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

'നേരറിയാൻ' (തെരുവ് നാടകം) 'അഗ്നിനക്ഷത്രങ്ങളുടെ നാട്' (ചരിത്ര നാടകം) വിഗ്രഹങ്ങൾ (സ്ത്രീകളുടെ നാടകം) മതിലുകൾ, മാന്ത്രികകിണർ, വെള്ളകടുവ (കുട്ടികളുടെ നാടകം) സംഭവസ്ഥലത്ത് നിന്ന് ക്യാമറമാൻ റഷീദിനൊപ്പം സുകേശൻ (ഏകപാത്രനാടകം) 'ഒന്നാം പാഠം' (തിയേറ്റർ നാടകം) എന്നി നാടകങ്ങൾ കലാ സമിതി രൂപപ്പെടുത്തി അവതരിപ്പിച്ചതിൽ പ്രധാനപ്പെട്ടവയാണ്. ഇവയുടെ ഫോട്ടോ ഡിജിറ്റൽ പ്രിന്റും, പത്രകട്ടിംഗുകളുടെ കോപ്പിയും ഈ അപേക്ഷയോടൊപ്പം സമർപ്പി ക്കുന്നു.

പത്തോളം കലാകാരൻമാരെ ഉൾപ്പെടുത്തി സ്ക്രിപ്റ്റ്, സംവിധാനം, റിഹേഴ്സൽ എന്നിവ ഒരുക്കി പശ്ചാത്തലസംഗീതം, നാടൻ പാട്ടുകൾ, തനതുകലാരൂപങ്ങൾ, വേഷം, രംഗപടം ഇവ കോർത്തിണക്കി കാർഷിക സംസ്കാരവും മതനിരപേക്ഷതയും, മാലിന്യനിർമ്മാർജ്ജനവും ദൃശ്യ വിഷയങ്ങളാക്കി നാടകം സംഘടിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്, നാടക രൂപികരണത്തിന് 10,0000/- (ഒരു ലക്ഷം) രൂപയും ഒരു ദിവസം വിവിധ വേദികളിൽ അവതരിപ്പിക്കുന്നതിന് 43000/- രൂപയും ചെലവ് വരും വിവര

ങ്ങൾ വിശദമായി അപേക്ഷയോടൊപ്പം സമർപ്പിക്കുന്നു.

ഒരു ദിവസം രാവിലെ 10 മണിയ്ക്കും വൈകുന്നേരം ഏഴ് മണിയ്ക്കും ഇടയ്ക്ക് ഏകദേശം 7 വേദികളിൽ വരെ നാടകം അവതരിപ്പിക്കാൻ കഴിയും. പഞ്ചായത്ത് അധികാരികൾ നിർദ്ദേശിക്കുന്ന ഗന്ഥശാല. ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്, സ്കൂൾ ഓഡിറ്റോറിയം, പൊതുഇടം, എന്നിവടങ്ങളിൽ ഏതെങ്കിലുമൊരു സ്ഥലത്ത് കുടുംബശ്രീ പ്രവർത്തകർ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവർക്കായി അവതരിപ്പിക്കാൻ കഴിയും

സൗണ്ട് സിസ്റ്റവും, ജനറേറ്ററും നാടക സംഘത്തോടൊപ്പം ഉള്ളതുകൊണ്ട് സംഘാടകർ അത് കരുതേണ്ടതില്ല. ജില്ലാ പഞ്ചായത്ത് അധികാരികളുടെ സഹായത്തോടെ ഓരോ പഞ്ചായത്തിനും കൃത്യമായ സമയം നൽകാൻ കഴിയും

നാടക ആസ്വാദനത്തോടൊപ്പം കേരള സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളായ മതനിരപേക്ഷത, ഹരിതകേരളം എന്നിവയ്ക്ക് വലിയൊരു പ്രചാരണവും സാധ്യമാകും.

നിർദ്ദേശിക്കുന്ന ജില്ലകളിൽ മാത്രമോ കേരളത്തിലെ മൊത്തം ജില്ലകളിലോ നാടകം അവതരിപ്പിക്കാൻ ഞങ്ങൾ സന്നദ്ധരാണ്.

ഇക്കഴിഞ്ഞ 2016 നവംബർ 13 മുതൽ 20 വരെ കേരള ഗ്രന്ഥശാല സംഘം സംഘടിപ്പിച്ച ഉണർവ്വ് സാംസ്കാരിക ജാഥയോടൊപ്പം ഒരു താലൂക്കിൽ ഒരു നാടകം വീതം തിരുവനന്തപുരം ജില്ല മുതൽ തൃശ്ശൂർ ജില്ല വരെ 7 ജില്ലകളിൽ 42-ഓളം വേദികളിൽ ഒരു മികച്ച നാടകം രൂപപ്പെടുത്തി അവതരിപ്പിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട് വളരെ നല്ല ജനസ്വീകാരയതയാണ് ആ നാടകത്തിന് ലഭിച്ചത്.

മേൽ സൂചിപ്പിച്ച പ്രകാരം ഒരു നാടകം രൂപപ്പെടുത്തി അവതരിപ്പിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകണമെന്ന് താൽപര്യപൂർവ്വം അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

SARGACHALANA
KALASAMITHI & KUTTIKALUDE
NADAKAVEDI
KALLARA,PANGODE
TVPM 695608

സെക്രട്ടറി.
ഷെറിഫ് പാങ്ങോട്
(നാടക രചയിതാവ് സംവിധായകൻ)

തിരുവനന്തപുരം
6-01-2017

1159420/2017/OS-CLAD

സർഗ്ഗചലന കലാസമിതി & കുട്ടികളുടെ നാടകവേദി

രജി. നമ്പർ 363/2011
തിരുവനന്തപുരം, കല്ലറ, പാങ്ങോട്.പി.ഒ 695609
ഫോൺ : 9946595251

നാടക രൂപീകരണത്തിന് ആവശ്യമായി വരുന്ന ചെലവിനുള്ള തുക

സ്ക്രിപ്റ്റ്, സംവിധാനം	25000/-
റിഹേഴ്സൽ ചെലവ്	30000/
പശ്ചാത്തലസംഗീതം	10000/-
ഗാനങ്ങൾ, നൃത്തസംവിധാനം	15000/-
നാടകത്തിനുപയോഗിക്കുന്ന സാധനങ്ങളുടെ നിർമ്മാണവും വേഷവും	10000/-
രംഗപടം	10000/-
ആകെ	100000/-

(ഒരു ലക്ഷം)

ഒരു ദിവസം ഏഴു പഞ്ചായത്തുകളിൽ 7 വേദികളിൽ നാടകം അവതരിപ്പിക്കുന്നതിന് ചെലവാകുന്ന തുക

വണ്ടിവാടകയും ഇന്ധനചെലവും	6000/-
സൗണ്ട് സിസ്റ്റവും, ജനറേറ്ററും വാടക	6000/-
സാങ്കേതിക പ്രവർത്തകർ ഉൾപ്പെടെയുള്ള കലാകാരന്മാരുടെ പ്രതിഫലം	20000/-
താമസം, ഭക്ഷണം ഉൽപ്പെടെയുള്ള ചെലവ്	10000/-
ആകെ	42000/-

(നാൽപത്തിരണ്ടായിരം)

ഒരു ജില്ലയിൽ ഏഴ് ദിവസം കൊണ്ട് 50(അൻപത്) വേദികളിൽ നാടകം അവതരിപ്പിക്കുന്നതിനായി വേണ്ടി വരുന്ന തുക 42000X7 = 2,94000/-

സെക്രട്ടറി

SARGACHALANA
KALASAMITHI & KUTTIKALUDE
NADAKAVEDI
KALLARA,PANGODE
TVPM 695608

അനുബന്ധം – 1

ക്രമ നമ്പർ	സ്ഥാപനത്തിന്റെ/സംഘടനയുടെ പേര്	അനുവദിച്ച / അനുവദിച്ച് വരുന്ന ധനസഹായങ്ങൾ
1	ശിവപാർവ്വതി കൾച്ചറൽ സൊസൈറ്റി, വെഞ്ഞാറമൂട്, തിരുവനന്തപുരം	25,000/- രൂപ അനാവർത്തന ഗ്രാന്റായി 2016-17 സാമ്പത്തിക വർഷത്തിൽ 24.03.2017-ലെ സ. ഉ. (സാ. ധാ) നമ്പർ. 220/2017/സാം.കാ.വ പ്രകാരം അനുവദിച്ചു.
2	രംഗപ്രഭാത് ചിൽഡ്രൺസ് തിയ്യറ്റർ, വെഞ്ഞാറമൂട്, തിരുവനന്തപുരം	2016-2017, 2018-2019, 2019-2020, 2020-2021 എന്നീ സാമ്പത്തിക വർഷങ്ങളിൽ 10,00,000/- രൂപ വീതം ആവർത്തന ഗ്രാന്റായി 21.02.2016-ലെ സ. ഉ. (സാ. ധാ) നമ്പർ. 436/2016/ സാം.കാ.വ പ്രകാരം അനുവദിച്ചിട്ടുണ്ട്. 2017-2018 സാമ്പത്തിക വർഷം ആവർത്തന ഗ്രാന്റിനത്തിൽ 5,00,000/- രൂപ അനുവദിച്ചു. കൂടാതെ 10,00,000/- രൂപ ടി സ്ഥാപനത്തിന്റെ നവീകരണ പ്രവർത്തനത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽ 14.03.2017-ലെ സ. ഉ. (സാ. ധാ) നമ്പർ. 150/2017/സാം.കാ.വ പ്രകാരം അനുവദിച്ചു.
3	കലാ-കായിക ബോധിനി കഥകളി വിദ്യാലയം, ആനാട്, തിരുവനന്തപുരം	1,00,000/- രൂപ അനാവർത്തന ഗ്രാന്റായി 2018-19 സാമ്പത്തിക വർഷത്തിൽ 14.05.2018-ലെ സ. ഉ. (സാ. ധാ) നമ്പർ. 342/2018/സാം.കാ.വ പ്രകാരം അനുവദിച്ചു. കൂടാതെ 2,00,000/- രൂപ അനാവർത്തന ഗ്രാന്റായി 2019-2020 സാമ്പത്തിക വർഷത്തിൽ 18.03.2020-ലെ സ. ഉ. (സാ. ധാ) നമ്പർ. 156/2020/സാം.കാ.വ പ്രകാരവും അനുവദിച്ചു.
4	ജീവകല കലാ സാംസ്കാരിക മണ്ഡലം, വെഞ്ഞാറമൂട്, തിരുവനന്തപുരം	1,00,000/- രൂപ അനാവർത്തന ഗ്രാന്റായി 2017-18 സാമ്പത്തിക വർഷത്തിൽ 02.02.2018-ലെ സ. ഉ. (സാ. ധാ) നമ്പർ. 62/2018/സാം.കാ.വ പ്രകാരവും, 25,000/- രൂപ അനാവർത്തന ഗ്രാന്റായി 2018-19 സാമ്പത്തിക വർഷത്തിൽ 01.01.2019-ലെ സ. ഉ. (സാ. ധാ) നമ്പർ. 2/2019/സാം.കാ.വ പ്രകാരവും അനുവദിച്ചു.
5	തറവാട്, ചാരിറ്റബിൾ സൊസൈറ്റി, കോലിയക്കോട്, തിരുവനന്തപുരം	10,000/- രൂപ അനാവർത്തന ഗ്രാന്റായി 2016-17 സാമ്പത്തിക വർഷത്തിൽ 08.02.2017-ലെ സ. ഉ. (സാ. ധാ) നമ്പർ. 56/2017/സാം.കാ.വ പ്രകാരം അനുവദിച്ചു.
6	പാലോട് മേള, പാലോട്, വിതുര	2,00,000/- രൂപ അനാവർത്തന ഗ്രാന്റായി 2017-2018 സാമ്പത്തിക വർഷത്തിൽ 12.03.2018-ലെ സ. ഉ. (സാ. ധാ) നമ്പർ. 135/2018/സാം.കാ.വ പ്രകാരം അനുവദിച്ചു.
7	സർഗചലന കലാ-സമിതി ആന്റ് കുട്ടികളുടെ നാടക വേദി, കല്ലറ	2,00,000/- രൂപ അനാവർത്തന ഗ്രാന്റായി 2019-2020 സാമ്പത്തിക വർഷത്തിൽ 15.11.2019-ലെ സ. ഉ. (സാ. ധാ) നമ്പർ. 527/2019/സാം.കാ.വ പ്രകാരം അനുവദിച്ചു.

കേരള സർക്കാർ

സംഗ്രഹം

സാംസ്കാരിക കാര്യം- ശിവപാർവ്വതി കൾച്ചറൽ സൊസൈറ്റി, വെഞ്ഞാറമൂട് സംഘടിപ്പിക്കുന്ന ചിലങ്ക റ്റൂറൽ ഫെസ്റ്റിവൽ- 2017 ന് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക കാര്യ (എ) വകുപ്പ്

സ.ഉ.(സാധാ)/220/2017/സാം.കാ.വ തിരുവനന്തപുരം, തീയതി, 24/03/2017

പരാമർശം:-

ശിവപാർവ്വതി കൾച്ചറൽ സൊസൈറ്റി ഡയറക്ടർ 07/02/2017 ൽ സർക്കാരിൽ സമർപ്പിച്ച അപേക്ഷ.

ഉത്തരവ്

ശിവപാർവ്വതി കൾച്ചറൽ സൊസൈറ്റി, വെഞ്ഞാറമൂട്, എന്ന സാംസ്കാരിക സംഘടന സംഘടിപ്പിക്കുന്ന ചിലങ്ക റ്റൂറൽ ഫെസ്റ്റിവൽ- 2017 സാംസ്കാരിക പരിപാടിയ്ക്ക് സാമ്പത്തിക സഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശിത അപേക്ഷ പ്രകാരം സംഘടനയുടെ ഡയറക്ടർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശിവപാർവ്വതി കൾച്ചറൽ സൊസൈറ്റി, വെഞ്ഞാറമൂട്, എന്ന സാംസ്കാരിക സംഘടന സംഘടിപ്പിക്കുന്ന ചിലങ്ക റ്റൂറൽ ഫെസ്റ്റിവൽ- 2017 സാംസ്കാരിക പരിപാടിയ്ക്ക് അനാവർത്തന ഗ്രാന്റ് ഇനത്തിൽ, 2016-2017 സാമ്പത്തിക വർഷത്തിലെ 2205-00-102-41 (പ്ളാൻ) ശീർഷകത്തിൽ നിന്നും 25,000/- (ഇരുപത്തി അയ്യായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള ട്രഷറി/സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നംപറും അനുബന്ധ വിശദാംശങ്ങളും ഡയറക്ടർ, ശിവപാർവ്വതി കൾച്ചറൽ സൊസൈറ്റി,, സാംസ്കാരിക വകുപ്പ ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതും,ധനവിനിയോഗ സർട്ടിഫിക്കേറ്റ് 3 മാസത്തിനകം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരികവകുപ്പ ഡയറക്ടർക്കും ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുനിൽ കുമാർ.ബി

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ശിവപാർവ്വതി കൾച്ചറൽ സൊസൈറ്റി, രജിസ്റ്റർ നംപർ. ടി.1448/10, ചിലങ്ക, സബർമതി ലെയ്ൻ, വെഞ്ഞാറമൂട്, തിരുവനന്തപുരം.(ഫോൺ 9846535359,9447901313)

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, മൈക്കാട്, തിരുവനന്തപുരം

[illegible]
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ജില്ലാ/സബ് ട്രഷറി ഓഫീസർ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ്-ബജറ്റ് പ്രസംഗം 2016-17-തിരുവനന്തപുരം വെഞ്ഞാറമ്മൂട് രംഗപ്രഭാത് ചിൽഡ്രൺസ് തീയറ്ററിന്റെ ആവർത്തന ഗ്രാന്റ് 1 0 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക കാര്യ (എ) വകുപ്പ്

G.O.(Rt)No. 436/2016/CLAD തിരുവനന്തപുരം,തീയതി, 21/12/2016

പരാമർശം: 14.7.2016-ലെ രംഗപ്രഭാത് ചിൽഡ്രൺസ് തീയറ്റർ പ്രസിഡന്റിന്റെ 10/ആർ.സി.റ്റി./2016-17 നമ്പർ കത്തും അനുബന്ധമായുള്ള അപേക്ഷയും

ഉത്തരവ്

2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ തിരുവനന്തപുരം വെഞ്ഞാറമ്മൂട് ആസ്ഥാനമായുള്ള രംഗപ്രഭാത് ചിൽഡ്രൺസ് തീയറ്ററിന്റെ ആവർത്തന ഗ്രാന്റ് നിലവിലെ രണ്ട് ലക്ഷം രൂപയിൽ നിന്നും പത്ത് ലക്ഷം രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ രംഗപ്രഭാത് ചിൽഡ്രൺസ് തീയറ്റർ പ്രസിഡന്റ് പരാമർശം കത്തിനോടൊപ്പം പദ്ധതി വിശദാംശങ്ങൾ ലഭ്യമാക്കുകയും, ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം വാർഷിക ഗ്രാന്റ് വർദ്ധിപ്പിച്ച് നൽകണമെന്നും ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം വെഞ്ഞാറമ്മൂട് ആസ്ഥാനമായുള്ള രംഗപ്രഭാത് ചിൽഡ്രൺസ് തീയറ്ററിന്റെ ആവർത്തന ഗ്രാന്റ് നിലവിലെ രണ്ട് ലക്ഷം രൂപയിൽ നിന്നും 10,00,000/- രൂപയായി (പത്ത് ലക്ഷം രൂപ മാത്രം) വർദ്ധിപ്പിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SAJINI S
ADDITIONAL SECRETARY

To

പ്രസിഡന്റ്, രംഗപ്രഭാത് ചിൽഡ്രൺസ് തീയറ്റർ, വെഞ്ഞാറമ്മൂട് തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തൈക്കാട്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ (ജി.എം.സി) വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ്-ഗ്രന്ഥശാലാസംഘം സംസ്ഥാന കൗൺസിൽ തിരുവനന്തപുരം ജില്ലാ ലൈബ്രറി കൗൺസിൽ ഓഫീസിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി - ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക കാര്യ (സി) വകുപ്പ്

G.O.(Rt)No. 150/2017/CLAD തിരുവനന്തപുരം, 14/03/2017

പരാമർശം: ഗ്രന്ഥശാലാസംഘം സംസ്ഥാന കൗൺസിൽ തിരുവനന്തപുരം ജില്ലാ ലൈബ്രറി കൗൺസിൽ ഓഫീസിന്റെ 2/1/2017 ലെ അപേക്ഷ

ഉത്തരവ്

പരാമർശത്തിൽ കാണുന്ന അപേക്ഷയിലൂടെ ഗ്രന്ഥശാലാസംഘം സംസ്ഥാന കൗൺസിൽ തിരുവനന്തപുരം ജില്ലാ ലൈബ്രറി കൗൺസിൽ ഓഫീസിന്റെ നവീകരണപ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ അനുവദിക്കണമെന്നാണ് സമർപ്പിച്ചിട്ടുള്ളത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രന്ഥശാലാസംഘം തിരുവനന്തപുരം ജില്ലാ ലൈബ്രറി കൗൺസിൽ ഓഫീസിന്റെ നവീകരണപ്രവർത്തനങ്ങൾക്കായി 2016-17 സാമ്പത്തിക വർഷത്തെ 2205-00-102-98 (സ്കീം) ശീർഷകത്തിൽ നിന്നും 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക താഴെക്കാണുന്ന വ്യവസ്ഥകൾ വിധേയമായി ഗ്രന്ഥശാലാസംഘം സംസ്ഥാന കൗൺസിൽ തിരുവനന്തപുരം ജില്ലാ ലൈബ്രറി കൗൺസിൽ ഓഫീസിന്റെ നവീകരണപ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നതിനും ചെലവിന്റെ വിശദാംശങ്ങൾ സഹിതം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് 3 മാസത്തിനകം സർക്കാരിനും അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കുന്നതിനും വ്യവസ്ഥപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

SAJINI S

ADDITIONAL SECRETARY

To

ഗ്രന്ഥശാലാസംഘം സംസ്ഥാന കൗൺസിൽ തിരുവനന്തപുരം ജില്ലാ ലൈബ്രറി കൗൺസിൽ ഓഫീസ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, കനകക്കുന്ന്, തിരുവനന്തപുരം
ഡയറക്ടർ, റവന്യൂ ഡബ്ല്യു ആഡിറ്റ്, തിരുവനന്തപുരം
ജില്ലാ/ഡബ്ല്യു ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ (ജി.എം.സി.) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി
സാംസ്കാരിക കാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിന് പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ചന്ദ്രമംഗലത്ത് പ്രവർത്തിക്കുന്ന കലാ കായിക ബോധിനി കഥകളി വിദ്യാലയം എന്ന സ്ഥാപനത്തിന്റെ വിവിധ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള പ്ലാൻ വിഹിതത്തിൽ നിന്നും അനാവർത്തന ഗ്രാന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക കാര്യ (എ) വകുപ്പ്

സ.ഉ.(സാ.ധാ)നം.342/2018/സാം.കാ.വ **തീയതി,തിരുവനന്തപുരം,14/05/2018**

പരാമർശം : 1. 01/06/1999-ലെ സ.ഉ. (എം.എസ്) നം.23/1999/സാം.കാ.വ

2. തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ചന്ദ്രമംഗലത്ത് പ്രവർത്തിക്കുന്ന കലാ കായിക ബോധിനി കഥകളി വിദ്യാലയത്തിന്റെ സെക്രട്ടറിയുടെ 02.12.2017-ലെ അപേക്ഷ.

ഉത്തരവ്

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ചന്ദ്രമംഗലത്ത് പ്രവർത്തിക്കുന്ന കലാ കായിക ബോധിനി കഥകളി വിദ്യാലയം എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കേരളത്തിന്റെ തനത് കലാരൂപമായ കഥകളിയുടെ പ്രചരണത്തിനായി നടത്തുന്ന കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ടി സ്ഥാപന സെക്രട്ടറി പരാമർശം 2-ലെ അപേക്ഷ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ചന്ദ്രമംഗലത്ത് പ്രവർത്തിക്കുന്ന കലാ കായിക ബോധിനി കഥകളി വിദ്യാലയം എന്ന സ്ഥാപനത്തിന്റെ വിവിധ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനമായി, അനാവർത്തന ഗ്രാന്റ് ചട്ടങ്ങളിൽ ഇളവ് വരുത്തി, 2018-19 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 2205-00-102-41-പ്ലാൻ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതത്തിൽ നിന്നും 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) അനാവർത്തന ഗ്രാന്റായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനുള്ള ട്രഷറി/സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും ടി സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ പ്രസ്തുത തുക കൈമാറേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ടി സ്ഥാപന സെക്രട്ടറി പ്രസ്തുത തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ഇത് സംബന്ധിച്ച ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും, തിരുവനന്തപുരത്തെ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ), സാംസ്കാരിക വകുപ്പ് ഡയറക്ടർ എന്നിവർക്കും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗീത.കെ

അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, കലാ കായിക ബോധിനി കഥകളി വിദ്യാലയം, ചന്ദ്രമംഗലം,
നെടുമങ്ങാട്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയേറ്റ്, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

സാംസ്കാരിക-കാര്യ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ചന്ദ്രമംഗലത്ത് പ്രവർത്തിക്കുന്ന കലാകായിക ബോധിനി കഥകളി വിദ്യാലയം എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിലുള്ള വിവിധ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനമായി അനാവർത്തന ഗ്രാന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക കാര്യ (എ) വകുപ്പ്

സ.ഉ.(സാധാ)നം. 156/2020/സാം.കാ.വ. **തീയതി,തിരുവനന്തപുരം, 18/03/2020**

പരാമർശം : 1. 01/06/1999-ലെ സ.ഉ.(എം.എസ്) നമ്പർ. 23/1999/സാം.കാ.വ

2. 14.05.2018-ലെ സ.ഉ.(സാ.ധാ) നമ്പർ 342/2018/സാം.കാ.വ

3. തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ചന്ദ്രമംഗലത്ത് പ്രവർത്തിക്കുന്ന കലാകായിക ബോധിനി കഥകളി വിദ്യാലയത്തിന്റെ സെക്രട്ടറിയുടെ 20.02.2020-ലെ അപേക്ഷ.

ഉത്തരവ്

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ചന്ദ്രമംഗലത്ത് പ്രവർത്തിക്കുന്ന കലാകായിക ബോധിനി കഥകളി വിദ്യാലയം എന്ന സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കേരളത്തിന്റെ തനത് കലാരൂപമായ കഥകളിയുടെ പ്രചരണത്തിനായി നടത്തുന്ന വിവിധ കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് സർക്കാർ ധനസഹായം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ടി സ്ഥാപന സെക്രട്ടറി പരാമർശം 3-പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ചന്ദ്രമംഗലത്ത് പ്രവർത്തിക്കുന്ന കലാകായിക ബോധിനി കഥകളി വിദ്യാലയം എന്ന സ്ഥാപനത്തിന്റെ വിവിധ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനമായി, അനാവർത്തന ഗ്രാന്റ് ചട്ടങ്ങളിൽ ഇളവ് വരുത്തി, 2019-2020 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനയിൽ "2205-00-102-41-പ്ലാൻ" എന്ന ശീർഷകത്തിൽ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി സാംസ്കാരിക വകുപ്പിന് വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) അനാവർത്തന ഗ്രാന്റായി ടി സ്ഥാപനത്തിന് അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനുള്ള ട്രഷറി/ബാങ്ക് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും, ടി സ്ഥാപന സെക്രട്ടറി സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ പ്രസ്തുത തുക കൈമാറേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ടി സ്ഥാപന സെക്രട്ടറി പ്രസ്തുത തുക കൈപ്പറ്റി 3 മാസത്തിനകം ഇത് സംബന്ധിച്ച ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും, തിരുവനന്തപുരത്തെ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ ആന്റ് ഇ). സാംസ്കാരിക വകുപ്പ് ഡയറക്ടർ എന്നിവർക്കും ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗീത. കെ

അഡീഷണൽ സെക്രട്ടറി

പകർപ്പ് :

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം,

ഫോർട്ട്, ഫോർട്ട്. പി. ഒ., തിരുവനന്തപുരം

സെക്രട്ടറി, കലാകായിക ബോധിനി കഥകളി വിദ്യാലയം,
ചന്ദ്രമംഗലം, നെടുമങ്ങാട്, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം

ധനകാര്യ (ബഡ്ജറ്റ് വിംഗ്/ഇൻസ്പെക്ഷൻ വിഭാഗം) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയാ ഡിവിഷൻ,
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട് പ്രവർത്തിക്കുന്ന ജീവകല കലാ സാംസ്കാരിക മണ്ഡലം എന്ന സംഘടനയുടെ നേതൃത്വത്തിൽ സംസ്ഥാനതല പാരമ്പര്യ തിരുവാതിരകളി മത്സരം സംഘടിപ്പിക്കുന്നതിന് പ്രോത്സാഹനമായി 2017-18 സാമ്പത്തിക വർഷത്തെ അനാവർത്തന ഗ്രാന്റിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക കാര്യ (എ) വകുപ്പ്

സ. ഉ (സാധാ) നം./62/2018/സാം.കാ.വ തീയതി തിരുവനന്തപുരം, 02/02/2018

പരാമർശം:- 1. 01/06/1999 ലെ സ.ഉ(എം.എസ്) നമ്പർ 23/1999/സാം.കാ.വ

2. തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട് പ്രവർത്തിക്കുന്ന ജീവകല കലാ സാംസ്കാരിക മണ്ഡലം എന്ന സംഘടനയുടെ സെക്രട്ടറിയുടെ 12.12.2017 ലെ അപേക്ഷ.

ഉത്തരവ്

തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട് പ്രവർത്തിക്കുന്ന ജീവകല കലാ സാംസ്കാരിക മണ്ഡലം എന്ന സംഘടനയുടെ നേതൃത്വത്തിൽ സംസ്ഥാനതല പാരമ്പര്യ തിരുവാതിരകളി മത്സരം സംഘടിപ്പിക്കുന്നതിന് സർക്കാർ ധനസഹായം അനുവദിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (2) പ്രകാരം ടി സംഘടന സെക്രട്ടറി അപേക്ഷ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിച്ച തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട് പ്രവർത്തിക്കുന്ന ജീവകല കലാ സാംസ്കാരിക മണ്ഡലം എന്ന സംഘടനയുടെ നേതൃത്വത്തിൽ സംസ്ഥാനതല പാരമ്പര്യ തിരുവാതിരകളി മത്സരം സംഘടിപ്പിക്കുന്നതിന് പ്രോത്സാഹനമായി നിലവിലെ വ്യവസ്ഥകളിൽ

ഇളവ് നൽകി 2017-18 സാമ്പത്തിക വർഷത്തെ 2205-00-102-41 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) അനുവർത്തന ഗ്രാന്റായി ടി സംഘടനയ്ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിലേയ്ക്ക് ട്രഷറി/സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും ടി സംഘടന സെക്രട്ടറി, സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ തിരുവനന്തപുരത്തെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതും, പ്രസ്തുത തുക സംബന്ധിച്ച ധനവിനിയോഗ സർട്ടിഫിക്കറ്റ് 3 മാസത്തിനകം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സുനിൽ കുമാർ.ബി
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, ജീവകല കലാ സാംസ്കാരിക മണ്ഡലം,
വെഞ്ഞാറമൂട് , തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കോഡന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കോഡന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, എൻ.ഐ.സി
സ്റ്റോക്ക് ഫയൽ/ഓഫീസ് ചെക്കർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട് പ്രവർത്തിക്കുന്ന ജീവകല കലാ സാംസ്കാരിക മണ്ഡലം എന്ന സംഘടനയുടെ നേതൃത്വത്തിൽ സംസ്ഥാനതല പാരമ്പര്യ തിരുവാതിരക്കളി മത്സരം സംഘടിപ്പിച്ചതിന് ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക കാര്യ (എ) വകുപ്പ്

സ.ഉ.(സാധാ)നം. 2/2019/സാം.കാ.വ **തീയതി,തിരുവനന്തപുരം, 01/01/2019.**

പരാമർശം : 1. 01.06.1999 -ലെ സ.ഉ.(എം.എസ്) നമ്പർ. 23/1999/സാം.കാ.വ.
2. 11.09.2002 -ലെ സ.ഉ.(എം.എസ്) നമ്പർ. 28/2002/സാം.കാ.വ.
3. തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട് പ്രവർത്തിക്കുന്ന ജീവകല കലാ സാംസ്കാരിക മണ്ഡലം എന്ന സംഘടനയുടെ സെക്രട്ടറിയുടെ 21.11.2018 -ലെ അപേക്ഷ.

ഉത്തരവ്

തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട് പ്രവർത്തിക്കുന്ന ജീവകല കലാ സാംസ്കാരിക മണ്ഡലം എന്ന സംഘടനയുടെ നേതൃത്വത്തിൽ സംസ്ഥാനതല പാരമ്പര്യ തിരുവാതിരക്കളി മത്സരം 2018 ഡിസംബർ മാസം 16-ാം തീയതി സംഘടിപ്പിക്കുന്നതിന് സർക്കാർ ധനസഹായം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ജീവകല കലാ സാംസ്കാരിക മണ്ഡലം സെക്രട്ടറി പരാമർശം 3 പ്രകാരം സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിൽ വെഞ്ഞാറമൂട് പ്രവർത്തിക്കുന്ന ജീവകല കലാ സാംസ്കാരിക മണ്ഡലം എന്ന സംഘടനയുടെ നേതൃത്വത്തിൽ സംസ്ഥാനതല പാരമ്പര്യ തിരുവാതിരക്കളി മത്സരം 2018 ഡിസംബർ മാസം 16-ാം തീയതി സംഘടിപ്പിച്ചതിന് അനാവർത്തന ഗ്രാന്റ് സംബന്ധിച്ച നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി, 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2205-00-102-41-പ്ലാൻ എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള വിഹിതത്തിൽ നിന്നും 25,000/- രൂപ (ഇരുപത്തി അയ്യായിരം രൂപ മാത്രം) അനാവർത്തന ഗ്രാന്റായി ടി സംഘടനയ്ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനുള്ള ട്രഷറി/സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും ടി സംഘടനാ സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ പ്രസ്തുത തുക കൈമാറേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ടി സംഘടനാ സെക്രട്ടറി പ്രസ്തുത തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ഇത് സംബന്ധിച്ച ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും, തിരുവനന്തപുരത്തെ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, സാംസ്കാരിക വകുപ്പ് ഡയറക്ടർ എന്നിവർക്കും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം. സൈനുലാബ്ദീൻ
അണ്ടർ സെക്രട്ടറി

പകർപ്പ് :
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തൈക്കാട്, തിരുവനന്തപുരം
സെക്രട്ടറി, ജീവകല കലാ സാംസ്കാരിക മണ്ഡലം, സരോവരം ബിൽഡിംഗ്,
വെഞ്ഞാറമൂട്. പി.ഒ., തിരുവനന്തപുരം - 695607

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ) ആന്റ് ഇ), കേരളം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (എഡ്യൂക്കേഷൻ.സി/ഇൻസ്പെക്ഷൻ വിഭാഗം)
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയാ ഡിവിഷൻ,
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - തിരുവനന്തപുരത്തെ തറവാട് ചാരിറ്റബിൾ സൊസൈറ്റിക്ക് വാർഷികാഘോഷങ്ങളുടെ ഭാഗമായി കഥകളി അവതരിപ്പിക്കുന്നതിന് സാമ്പത്തിക സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക കാര്യ(എ) വകുപ്പ്

സ.ഉ.(സാധാ)/56/2017/സാം.കാ.വ തീയതി, തിരുവനന്തപുരം,08/02/2017

പരാമർശം 1) 01/06/199-ലെ സ.ഉ.(എം.എസ്)നം:23/99/സി.എ.ഡി ഉത്തരവ്

2) 22.9.2016-ലെ തറവാട് ചാരിറ്റബിൾ സൊസൈറ്റി സെക്രട്ടറിയുടെ അപേക്ഷ

ഉത്തരവ്

തിരുവനന്തപുരത്തെ തറവാട് ചാരിറ്റബിൾ സൊസൈറ്റിക്ക് വാർഷികാഘോഷങ്ങളുടെ ഭാഗമായി കഥകളി അവതരിപ്പിക്കുന്നതിന് സർക്കാർ സാമ്പത്തിക സഹായം അനുവദിക്കണമെന്ന് സ്ഥാപനം സെക്രട്ടറി പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തറവാട് ചാരിറ്റബിൾ സൊസൈറ്റിക്ക് വാർഷിക ആഘോഷങ്ങളുടെ ഭാഗമായി കഥകളി അവതരിപ്പിക്കുന്നതിന് നിലവിലെ വ്യവസ്ഥകളിൽ ഇളവ് നൽകി 2016-17 വർഷത്തെ 2205-00-102-41 (പ്ലാൻ) അനാവർത്തന ഗ്രാന്റ് ശീർഷകത്തിൽ നിന്നും 10,000/- രൂപ (പതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള ട്രഷറി/ സേവിംഗ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും തറവാട് ചാരിറ്റബിൾ സൊസൈറ്റി സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതും, ധനവിനിയോഗ സർട്ടിഫിക്കറ്റ് 3 മാസത്തിനകം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സുനിൽ കുമാർ.ബി

അണ്ടർ സെക്രട്ടറി

To സെക്രട്ടറി, തറവാട് ചാരിറ്റബിൾ സൊസൈറ്റി, കോലിയക്കോട്, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തൈക്കാട്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ (ജി.എം.സി) വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ്-തിരുവനന്തപുരം ജില്ലയിലെ പാലോട് മേളയ്ക്ക് അനാവർത്തക ഗ്രാന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക കാര്യ (എ) വകുപ്പ്

G.O.(Rt)No. 135/2018/CLAD തീയതി, തിരുവനന്തപുരം, 12/03/2018

പരാമർശം: 26.12.2017-ൽ പാലോട് മേള ജനറൽ സെക്രട്ടറി സമർപ്പിച്ച അപേക്ഷ

ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ പാലോട് കഴിഞ്ഞ 55 വർഷമായി സംഘടിപ്പിച്ചു വരുന്ന ഗ്രാമീണ കാർഷിക മേളയും കന്നുകാലി പ്രദർശനവും, കല-സാംസ്കാരിക മേളയുടെ ഈ വർഷത്തെ പരിപാടികൾ 2018 ഫെബ്രുവരി 7 - 16 വരെ സംഘടിപ്പിക്കുകയാണെന്നും ഉദ്ഘാടനത്തിന് സാംസ്കാരിക വകുപ്പിൽ നിന്നും ഉചിതമായി ധനസഹായം അനുവദിക്കുമെന്ന് പാലോട് മേള ജനറൽ സെക്രട്ടറി അപേക്ഷ സമർപ്പിച്ചിരുന്നു.

സർക്കാർ ഉദ്യോഗസ്ഥരും പരിശോധനാവിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുൾപ്പെടെ തിരുവനന്തപുരം ജില്ലയിലെ പാലോട് കഴിഞ്ഞ 55 വർഷമായി സംഘടിപ്പിച്ചു വരുന്ന ഗ്രാമീണ കാർഷിക മേളയും കന്നുകാലി പ്രദർശനവും, കല-സാംസ്കാരിക മേളയുടെ ഈ വർഷത്തെ പരിപാടികൾ 2018 ഫെബ്രുവരി 7-16 വരെ സംഘടിപ്പിച്ചതിന് അനാവർത്തക ഗ്രാന്റ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സാമ്പത്തിക വർഷം 2205-00-102-41 (പ്ലാൻ) ശീർഷകത്തിൽ നിന്നും 2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവായി പുറപ്പെടുവിക്കുന്നു.

പ്രസ്തുത തുക ബന്ധപ്പെട്ടവർ മുഖേന ഡ്രോയിംഗ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരുള്ള ട്രഷറി/സബ് ട്രഷറി വഴി അക്കൗണ്ട് നമ്പറും അനുബന്ധ വിവരങ്ങളുമുൾപ്പെടെ പാലോട് മേള ജനറൽ സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതും, തുടർന്ന് ഡയറക്ടർ സർട്ടിഫിക്കറ്റ് 3 മാസത്തിനകം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

SUNIL KUMAR B
DEPUTY SECRETARY

ജനറൽ സെക്രട്ടറി പാലോട് മേള,പച്ച പാലോട് ,തിരുവനന്തപുരം 9746445925
സാംസ്കാരിക വകുപ്പ് ഡയറക്ടർ , തൈക്കാട്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ധനകാര്യ (ജി.എം.സി) വകുപ്പ്
ഓഫീസ് കോപ്പി/കണ്ടന്റൽ ഫയൽ
പകർപ്പ്: ബഹു: സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഗവർണറുടെ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

"ഭരണഭാഷ മാതൃഭാഷ" സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ കല്ലറയിൽ പ്രവർത്തിക്കുന്ന സർഗ്ഗ ചലന കലാസമിതി ആന്റ് കുട്ടികളുടെ നാടകവേദി എന്ന സംഘടനയുടെ നേതൃത്വത്തിൽ നാടകം അവതരിപ്പിക്കുന്നതിന് പ്രോത്സാഹനമായി ആനാവർത്തന ഗ്രാന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക കാര്യ (എ) വകുപ്പ്

സ.ഉ.(സാധാ)നം. 527/2019/സാം.കാ.വ **തീയതി,തിരുവനന്തപുരം, 15/11/2019.**

പരാമർശം : 1. 01/06/1999-ലെ സ.ഉ(എം.എസ്) നം. 23/1999/സാം.കാ.വ

2. തിരുവനന്തപുരം ജില്ലയിൽ കല്ലറയിൽ പ്രവർത്തിക്കുന്ന സർഗ്ഗ ചലന കലാസമിതി ആന്റ് കുട്ടികളുടെ നാടകവേദി എന്ന സംഘടനയുടെ സെക്രട്ടറിയുടെ 06.01.2017-ലെ അപേക്ഷ ശുപാർശ ചെയ്യ കൊണ്ടുള്ള ശ്രീ. ഡി. കെ. മുരളി എം.എൽ.എ യുടെ 02/07/2019-ലെ കത്ത്.

ഉത്തരവ്

തിരുവനന്തപുരം ജില്ലയിൽ കല്ലറയിൽ പ്രവർത്തിക്കുന്ന സർഗ്ഗ ചലന കലാസമിതി ആന്റ് കുട്ടികളുടെ നാടകവേദി എന്ന സംഘടനയുടെ നേതൃത്വത്തിൽ മതനിരപേക്ഷത, കാർഷിക സംസ്കാരം, മാലിന്യ നിർമ്മാർജ്ജനം എന്നീ വിഷയങ്ങൾ മുൻ നിർത്തി കൊണ്ട് ഒരു നാടകം ഒരു ജില്ലയിൽ 7 ദിവസം 50 വേദികളിൽ അവതരിപ്പിക്കുന്നതിന് സർക്കാർ ധനസഹായം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം 2-പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിൽ കല്ലറയിൽ പ്രവർത്തിക്കുന്ന സർഗ്ഗ ചലന കലാസമിതി ആന്റ് കുട്ടികളുടെ നാടകവേദി എന്ന സംഘടനയുടെ നേതൃത്വത്തിൽ മതനിരപേക്ഷത, കാർഷിക സംസ്കാരം, മാലിന്യ നിർമ്മാർജ്ജനം എന്നീ വിഷയങ്ങൾ മുൻ നിർത്തി കൊണ്ട് ഒരു നാടകം അവതരിപ്പിക്കുന്നതിന് പ്രോത്സാഹനമായി, 2019-2020 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനയിൽ 2205-00-102-41-പ്ലാൻ എന്ന ശീർഷകത്തിൽ സാംസ്കാരിക പ്രവർത്തനങ്ങൾക്കായി സാംസ്കാരിക വകുപ്പിന് വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) അനാവർത്തന ഗ്രാന്റായി ടി സംഘടനയ്ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനുള്ള ട്രഷറി/ബാങ്ക് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും ടി സംഘടന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടർ പ്രസ്തുത തുക കൈമാറേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ടി സംഘടന സെക്രട്ടറി പ്രസ്തുത തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ഇത് സംബന്ധിച്ച ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും, തിരുവനന്തപുരത്തെ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ), സാംസ്കാരിക വകുപ്പ് ഡയറക്ടർ എന്നിവർക്കും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത. കെ
അഡീഷണൽ സെക്രട്ടറി

പകർപ്പ് :
ശ്രീ. ഡി. കെ. മുരളി. എം. എൽ. എ (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, സർഗ്ഗ ചലന കലാസമിതി ആന്റ് കുട്ടികളുടെ നാടകവേദി,
കല്ലറ, തിരുവനന്തപുരം

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്,
ഫോർട്ട്. പി. ഒ., തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
ധനകാര്യ (ബഡ്ജറ്റ് വിംഗ്/ഇൻസ്പെക്ഷൻ വിഭാഗം) വകുപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയാ ഡിവിഷൻ,
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ